# ദിവ്യദർശനം



നസീറുദ്ദീൻ. എ. എം

"അതെന്താണ് ? ആ കാണുന്ന പുഴയുടെ അക്കരെ മരങ്ങൾക്കിടയിൽ ഒരു വശം ഇടിഞ്ഞ് പൊളിഞ്ഞ് വീഴാറായ ഒരു പഴയ- - - - - " അകലെ കുന്നിൻ നെറുകയിലെ പാറകൾക്ക് മുകളിൽ നിന്ന് കൊണ്ട് വറ്റി വരണ്ട പുഴയുടെ അപ്പുറത്തേക്ക് കൈ ചൂണ്ടി അവൻ അയാളോട് ചോദിച്ചു.

"ക്ഷേത്രം. മൗനം തീർത്ത മനസ്സുമായി അവിടെ നാം നിൽക്കുമ്പോൾ അറിഞ്ഞിടാത്ത സംതൃപ്തി, മനസ്സിനും ശരീരത്തിനും എല്ലാം."

അസ്തമയം. പടിഞ്ഞാറ് ചുമന്ന് തുടുത്ത സൂര്യൻ. അവർ നിൽക്കുന്ന പാറകളിൽ അന്തിവെയിലിന്റെ ഒടുക്കം.

"അവിടെ എന്തുണ്ട് ?"

"അവിടെ- - - -" "അവിടെ എന്തുണ്ട് ? പുഴയുടെ അക്കരെ നിൽക്കുന്ന ആ ക്ഷേത്രത്തിൽ എന്തുണ്ട് ?" ആ ചോദ്യം അയാൾ തന്നെ ചോദിച്ചു. ഒടുവിൽ അയാൾ പറഞ്ഞു. "ദേവിയുടെ പ്രതിമയുണ്ട്, ശാന്തിക്കരനുണ്ട്, ആശ്രിതരുമുണ്ട്."

"പിന്നെ ?"

"ഊട്ടുപുര." അയാൾ പറഞ്ഞു.

ക്ഷേത്രത്തിന് മുന്നിൽ വലിയ ആൽമരം പൂർവ്വകാലത്തിന്റെ സ്മരണയെന്നോളം നിൽക്കുന്നതിന് കുന്നിൻമുകളിൽ നിന്നും കാണാം.

അയാളോർത്തു. അയാളോട് ചെറുപ്പത്തിൽ മുത്തശ്ശി പറഞ്ഞ കഥ . "പറങ്കിപ്പട്ടാളങ്ങള് ഒളിച്ചിരുന്ന ആലാ ഉണ്ണ്യേ അത്. ഏഴ് രാവും, ഏഴ് പകലും പറപറങ്കപറങ്ക്യാള് ആ ആലില് കഴിച്ച് കൂട്ട്യത്രേ എന്തിനാണെന്നോ ? ദേവീടെ വെള്ളിപ്രതിമ കക്കാനേയ് !"

ചുവന്ന വായിൽ നിറഞ്ഞ വെറ്റില മുത്തശ്ശി ഇരുവിരലുകൾക്കിടയിലൂടെ മുറ്റത്തേയ്ക്ക് നീട്ടിത്തുപ്പി.

പിന്നെ തുടർന്നു, "എന്നിട്ട് ആ കാലൻമാർക്ക് അതിന് കഴിഞ്ഞോ ?" ചിരിച്ചുകൊണ്ട് വിജയഭാവത്തിൽ മുത്തശ്ശി തന്നെ അതിന് ഉത്തരം കണ്ടെത്തി. "എവിടെ ? ആ ശപ്പന്മാർ മുഴുവൻ കൊടുങ്കാറ്റിൽ പറന്ന് വീണില്ല്യേ. ദേവി ആരാന്നാ അവന്റൊക്കെ വിചാരം."

"യ്യ് ഞാൻ പറണത് കേക്ക്ണ് ണ്ടോടാ ഉണ്ണ്യേ "

"ഉണ്ട് മുത്തശ്ശ്യേ."

"എന്താ കേട്ടത് ?"

"പറങ്ക്യാമാർ കൊടുങ്കാറ്റിൽ പറന്ന് വീണ് ശത്തൂന്ന്."

"ആ, അപ്പം, ദേവി ആരാന്ന് ഉണ്ണിക്ക് മനസ്സിലായോ?"

"ഉവ്വ് മുത്തശ്ശീ. വല്യ ശക്തീള്ള- - - -"

അത്രയും കേട്ടപ്പം മുത്തശ്ശിക്ക് തൃപ്തിയായി. "അത് കൊണ്ടേയ്, യ്യ് നിത്യോം അവിടെ ചെന്ന് പ്രാർത്ഥിക്കണം. ട്ടോ."

സ്നേഹം നിറഞ്ഞ് മുത്തശ്ശി പറയും. "പണ്ടൊക്കെ ക്ഷേത്രംന്ന് കേട്ടാ മനുഷ്യര്

അറിയാതെ കൈ കൂപ്പായിരുന്നു. ഇന്ന് ക്ഷേത്രോംല്ല, ആരാധനേംല്ല്യ. ക്ഷേത്രം തന്നെ ഇടിഞ്ഞ് വീഴ്വാ. മനുഷ്യര് തിരിഞ്ഞ് നോക്ക്ണില്യ. കാലത്തിന്റെ ഒരു പോക്കേയ് !"

മുത്തശ്ശിയുടെ മുഖത്ത് വിഷാദത്തിന്റെ കരിനിഴൽ. എന്തോ ഓർത്ത് മുത്തശ്ശി പറഞ്ഞു, "ഒക്കെ ഒരു നാൾ നന്നാവും."

കാറ്റ് വീശുന്നു. അന്തിവെയിൽ മാഞ്ഞു നീങ്ങുന്നു. ആൽമരം മർമ്മരശബ്ദം ഉയർത്തുന്നു. കേൾക്കുന്നുണ്ടോ ? ഇല്ല. അതൊരു ചെറുശബ്ദം മാത്രം.

ദേവിക്ക് ശക്തിയുണ്ടായിരുന്നോ ? ദേവിക്ക് അഭൗമിക കഴിവുകൾ ഉണ്ടായിരുന്നോ ? നാട്ടിലെ മുഴുഭ്രാന്തനായ നാരായണൻ കുട്ടീടെ ഭ്രാന്ത് ദേവീടെ അനുഗ്രഹം കൊണ്ടാത്രേ മാറിയത്.

എന്നിട്ടും, ആ ക്ഷേത്രത്തിൽ ചെറുപ്പത്തിൽ മാത്രമേ താൻ പോയിട്ടുള്ളു.

മരിച്ച മുത്തശ്ശീടെ വാക്കുകളും, ദേവീകഥകളും ഓർക്കുമ്പോൾ ക്ഷേത്രത്തിലേക്ക് അടുക്കുംപോലെ. "ക്ഷേത്രം! അതൊരു ശാന്തിതീരം തന്നെ." അയാൾ അറിയാതെ പറഞ്ഞു.

"പുഴ ഇനി എന്നാ നിറയാ ?"
പറങ്കാള് കയറിക്കൂടിയ ആൽമരം ഇന്ന് വയസ്സനായിരിക്കുന്നു. എല്ലാറ്റിനും മൂകസാക്ഷിയായി ആൽമരം ക്ഷേത്രത്തിന് മുന്നിൽ നിലകൊണ്ടു.

"പുഴ ഇനി എന്നാ നിറയാന്ന് ?"
അയാൾ കേട്ടു. കുട്ടി ചോദിക്കുന്നു; "പുഴ ഇനു എന്നാ നിറയാന്ന്". അയാൾ പറഞ്ഞു. "പുഴ നിറയും. കാറ്റും മഴയും ഉള്ള ഒരു രാത്രി പുഴനിറയും. പുഴ കവിഞ്ഞൊഴുകും. ചെറിയ ഓളങ്ങളുമായി പുഴ അഹങ്കരിക്കും."

ഏറെ മൗനത്തിന് ശേഷം അകലെ പടിഞ്ഞാറ് ചുവന്ന സന്ധ്യക്കായി മറഞ്ഞ് ഇല്ലാതാവുന്ന സൂര്യനെ നോക്കി_ _ _ _ _

"നോക്കൂ, സൂര്യൻ ! എന്തൊരു ചുമപ്പ്. വലിയ ചുമന്ന വൃത്തം. അത് എവിടെയോ ചെന്ന് വീഴുന്ന പോലെ. "

''ഒരു പകലിൽ നിന്നും മോക്ഷം, സന്ധ്യക്ക് വഴി ഒരുക്കാൻ മാത്രം. ഇരുട്ടിന്റെ ഭീകരതയും, മൂകതയും സൃഷ്ടിക്കാൻ."

"എന്തിന് ?" കുട്ടി ചോദിച്ചു. അയാൾ പറഞ്ഞു. "അറിയില്ല കുട്ടീ, അജ്ഞാതം!" കുട്ടിയുടെ വെളുത്ത കവിളിൽ സന്ധ്യയുടെ അരുണിമ. കണ്ണുകളിൽ ജിജ്ഞാസ. മനസ്സിൽ അയാൾ പറഞ്ഞതിന്റെയൊന്നും പൊരുൾ മനസ്സിലാകാത്ത ആശയക്കുഴപ്പം.

അയാൾ അത് മനസ്സിലാക്കി. ചിരിച്ചുകൊണ്ട് അവന്റെ മുടിയിൽ തലോടി അയാൾ തുടർന്നു. "നിനക്കൊന്നും മനസ്സിലാവുന്നില്ല, അല്ലേ ? ശരിയാണ്, ഞാൻ പറയുന്നതൊക്കെ നിനക്കെങ്ങനെ മനസ്സിലാവാൻ. അതുമല്ലെങ്കിൽ ഞാൻ പോലും അറിയാതെ എന്റെ മനസ്സിൽ നിന്നും എന്തൊക്കെയോ _ _ _ _ _"

അവൻ അയാളുടെ മുഖത്തേയ്ക്ക് തന്നെ നോക്കി നിന്നു. അയാൾ വീണ്ടും ചിരിച്ചു. പിന്നെ പറഞ്ഞു. "നിനക്ക് മുഷിപ്പു തോന്നുന്നു അല്ലേ."

അവൻ അതിന് ഉത്തരം പറഞ്ഞില്ല. വെറുതെ പടിഞ്ഞാറോട്ടും നോക്കി മൂകനായി ഇരുന്നു.

അയാളോട് പ്രൊഫസർ പറഞ്ഞിരുന്നു, "ഇന്ന് എന്റെ ചെറിയ മോൻ വരും. വിഷ്ണു അവനെ കണ്ടിട്ടുണ്ടോ?"



"ഇല്ല സാർ."

"ഓ, എന്നാൽ ഇന്ന് കാണാം. നിന്റെ വർഗ്ഗത്തിൽപ്പെട്ടവനാ."

അയാൾക്ക് മനസ്സിലായില്ല. അപ്പോൾ പ്രൊഫസർ ചിരിച്ചുകൊണ്ട് പറഞ്ഞു. "വിഷ്ണുവിനെപ്പോലെ കഥയെഴുതാറുണ്ട്. തന്നെപ്പോലെ അവാർഡ് നേടീട്ടില്ലെങ്കിലും സമ്മാനങ്ങൾ കിട്ടിയിട്ടുണ്ട്."

പേനയും കയ്യിൽപിടിച്ച്, മുന്നിൽ പേപ്പറുമായി, വാക്കുകൾ ആലോചിക്കുന്ന ഒരു കൊച്ചുകഥാകാരനെ അപ്പോൾ മനസ്സിൽ കണ്ടു. പ്രൊഫസർ തുടർന്നു, "ബാംഗ്ലൂരിൽ ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുന്ന അവന് ഇവിടത്തെ ആനപ്പാറയെപ്പറ്റിയും, ചതുപ്പ് നിലത്തെപ്പറ്റിയുമൊക്കെ ഞാനും, അലീനയും, എഴുതിയിരുന്നു. വിഷ്ണു അവന് അതൊക്കെ ഒന്ന് കാണിച്ചുകൊടുക്കണം ഇന്ന്, എന്താ?"

അയാൾക്ക് സന്തോഷമായിരുന്നു. "ഞാൻ കൊണ്ടുപോയ്ക്കോളാം. സാർ". അയാൾ പറഞ്ഞു. പ്രൊഫസർക്ക് സന്തോഷമായി.

ഉച്ചക്ക് അവൻ വന്നു. പത്തോ പതിനഞ്ചോ വയസ്സുള്ള, വെളുത്ത് ഭംഗിയുള്ള _ _ _ _ _

ഇങ്ങോട്ട് പോന്നപ്പോൾ അവനെന്ത് മാത്രം വാചാലനായിരുന്നു എന്നയാൾ ഓർത്തു. ഇവിടെ അവൻ മൗനിയായി ഇരിക്കുന്നു. താൻ പറയുന്നതൊന്നും അവന് മനസ്സിലാവുന്നില്ലേ. പഠിച്ചത് ഇംഗ്ലീഷിലാണെങ്കിലും, അവന്റെ മാതൃഭാഷ മലയാളം തന്നെയല്ലേ !

''നമുക്ക് തിരിച്ചുപോകാം.'' കുട്ടി പറഞ്ഞു. അവന് തിടുക്കം. അയാൾ ഒന്നും പറഞ്ഞില്ല.

കാക്കകൾ കൂടുതേടി അവർക്ക് മുകളിലൂടെ പറന്ന് പോയി. ഇളം ചൂടുള്ള പാറകൾ തണുത്തു.

അകലെ കുന്നിൻ ചെരിവിലൂടെ സന്ധ്യക്കുള്ള തീവണ്ടി പുറപ്പെടുന്നു. അതിന്റെ കറുത്ത പുക മരങ്ങൾക്കിടയിലൂടെ അവർ കണ്ടു. ആ നിമിഷം അയാളോർത്തു. അയാൾ പറഞ്ഞുതുടങ്ങി. "മഞ്ഞുപെയ്യുന്ന ഒരു രാത്രി ! ഒറ്റപ്പെട്ട നക്ഷ

ത്രങ്ങളുടെ ഇടയിൽ ചന്ദ്രൻ. മൂകവും, ശാന്തവുമായ ഒരു രാത്രിയുടെ ഒടുക്കം. കുന്നിന്റെ ചെരുവിലൂടെയുള്ള ആ പാതയിൽ തലവെച്ച് ജീവനൊടുക്കിയ അജുനന്റെ കഥ നിനക്കറിയാമോ ?"

"ഇല്ല." കുട്ടി പറഞ്ഞു.

അയാൾക്ക് ഉത്സാഹമായി. "ആർക്ക് വേണ്ടിയോ ദിനങ്ങളെണ്ണിയ ഒരു ദുരന്ത കഥാപാത്രമായി എന്റെ മനസ്സിൽ അജുനൻ ഇന്നും ജീവിക്കുന്നു." ഒന്ന് നിർത്തിയിട്ട് അയാൾ തുടർന്നു, "ഒടുവിൽ ദിവസങ്ങൾക്കു ശേഷം അവന്റെ അമ്മ ഗായത്രിയും അതേ പാതയിൽ _ _ _"

"എന്തിന് ?" കുട്ടിക്ക് സംശയം.

"അതാർക്കും അറിയില്ല. ഈ ഭൂമിയിൽ അതാർക്കും അറിയില്ല. ആർക്കുമറിയാത്ത ഒരു രഹസ്യം ആ അമ്മയുടെയും, മകന്റെയും ജീവിതത്തിലുണ്ടായിരുന്നു."

"എന്തായിരിന്നു ആ രഹസ്യം ?" കുട്ടിയുടെ മനസ്സിൽ നിറഞ്ഞ സംശയം.

"അതറിയില്ല കുട്ടീ, ഞാൻ പറഞ്ഞില്ലേ, ഈ ഭൂമിയിൽ ആർക്കും _ _ _ _" "പിന്നെ ഇതെന്ത് കഥ !"

അയാൾ ചിരിച്ചു. പിന്നെ കുട്ടിയോട് പറഞ്ഞു, "ആര് പറഞ്ഞു ഇത് കഥയാണെന്ന്, കഥയും സത്യവും തമ്മിലുള്ള അന്തരം എത്ര !"

എന്തോ ആലോചിച്ച്, അവനറിയാത്ത, അവന് മനസ്സിലാവാത്ത അയാളുടെ വാക്കുകൾ പുറത്ത് വന്നു. "പക്ഷെ അജൂനെപ്പറ്റി എനിക്കറിയാം. ഏറെക്കുറെ മാത്രം. ജീവിതത്തിന്റെ ശക്തിയുള്ള ഒഴുക്കിൽ തുഴയാൻ അവന്റെയടുത്ത് പങ്കായമോ, കഴുക്കോലോ ഇല്ലായിരുന്നു. ഒഴുക്കിനോടൊപ്പം ചാഞ്ഞും, ചെരിഞ്ഞും അവന്റെ മനസ്സ് നീങ്ങി. ദിശയും, ലക്ഷ്യവും, നിയന്ത്രണവുമില്ലാതെ അത് എവിടെയോ ചെന്നണഞ്ഞു.

മോഹങ്ങളില്ലാത്ത മനസ്സെന്തിന് ?

ലക്ഷ്യമില്ലാത്ത മനസ്സെന്തിന് ?

ആശയും, നിരാശയും, സൃഷ്ടിയുടെ ഒരു വികാരവുമില്ലാത്ത ഒരു ശരീരമെന്തിനെന്ന് അവന് തോന്നിയപ്പോഴായിരിക്കാം തീവണ്ടിപ്പാതയിൽ തലവെച്ച്____

പൂർണ്ണ സത്യം എന്തെന്ന് എനിക്കറിയില്ല. എന്തിനോ ജീവിതം വലിച്ചെറിഞ്ഞവനല്ല അജൂൻ എന്നത് ഒരു പരമാർത്ഥം.

പക്ഷെ, അവൻ ആരായിരുന്നുവെന്ന് എനിക്ക് മാത്രമെ അറിയൂ, കുട്ടീ."

ആരാണെന്ന് കുട്ടി ചോദിക്കുമെന്ന് അയാൾ കരുതി. പകരം അവനയാളുടെ കണ്ണുകളിലേക്ക് നോക്കിയിരുന്നു. അപ്പോൾ അയാൾ പറഞ്ഞു, ഒരു രഹസ്യം പറയുന്നപോലെ അടക്കിയ ശബ്ദത്തോടെ , "ഒരു വലിയ സാഹിത്യകാരനായിരുന്നു കുട്ടീ."

അവൻവീണ്ടും അയാളുടെ മുഖത്തേയ്ക്ക് നോക്കി. ആ കണ്ണുകളിൽ പറയാൻ വെമ്പുന്ന വാക്കുകൾ അവൻ കണ്ടു.

"ആ കുഞ്ഞേ, അവനൊരു കലാകാരനാ, അവൻ ആത്മഹത്യചെയ്ത് മൂന്നാം ദിവസം അവന്റെ എഴുത്ത് എനിക്ക് കിട്ടി."

"നോക്കൂ വിഷ്ണു, നീ എഴുതുക, ഈ ദൗർബല്യനിമിഷത്തിൽ മരിക്കാൻ എനിക്ക് തോന്നുന്നു. നീ സാഹിത്യകാരനല്ലേ, കഴിഞ്ഞ വർഷം അക്കാദമി അവാർഡ് നേടിയ നിന്റെ 'ശ്മശാനഭൂമി' ഞാൻ വായിച്ചു. വിഷ്ണു, നീ ആ ശ്മശാനഭൂമിയിലേക്ക് ഈ ആത്മാവുകൂടി ചേർക്കുക. ബലിക്കല്ലിലേക്ക് ജീവിതം വലിച്ചെറിഞ്ഞ ഈ കൂട്ടുകാരന്റെ കഥ. കഴുകന്മാർക്ക് ശരീരവും, ലോകത്തിന് അശാന്തിയുടെ ആത്മാവും സമർപ്പിച്ച ഒരാളുടെ കഥ നീ ചേർക്കുക _ _ _"

അയാളുടെ കണ്ണുകൾ നിറയുന്നത് കുട്ടി കണ്ടു. അവൻ എന്ത് ചെയ്യണമെന്നറിയാതെ നിൽക്കെ അയാൾ പറഞ്ഞു, "പക്ഷെ ഞാനെഴുതിയില്ല, അവന്റെ കഥ എനിക്കൊരോർമ്മ മാത്രമാകാൻ ഞാനാഗ്രഹിച്ചു. അക്ഷരങ്ങളിൽ അവന്റെ കഥയില്ലാത്ത കഥ ഞാൻ കെട്ടിപ്പടുത്തില്ല. ശ്രമിക്കാതിരുന്നിട്ടല്ല എഴുതാനെടുത്ത പേന അവിടെത്തന്നെ വെച്ചു."

അയാൾ വികാരഭരിതനാവുകയായിരുന്നു. കുട്ടി തീർത്തും നിസ്സഹായനായിരുന്നു. ഒന്നും മനസ്സിലാവാതെ അയാൾ എന്തോ ചിന്തിച്ചു പിന്നെ പറഞ്ഞു, "അല്ലെങ്കിൽ ഞാനെന്തിന് ഇതൊക്കെ നിന്നോട് പറയണം. ആരോടും പറയാതെ നിന്നോട് പറഞ്ഞിട്ടെന്ത് ?"

"മതി നമുക്ക് വീട്ടിൽപ്പോവാം, ഇരുട്ടാവുന്നു. എനിക്ക് പേടിയാകുന്നു." കുട്ടി



പറഞ്ഞു, മടുപ്പോടെ.

അയാൾ ചിരിക്കാൻ ശ്രമിച്ചു. അയാൾ തലോടാൻ ശ്രമിച്ചപ്പോൾ ആ കൈ അവൻ തട്ടി മാറ്റി, കയർത്തു, "വേണ്ട, എനിക്ക് പോണം." അയാൾ അപ്പോൾ സ്വയംബോധമില്ലാതെ എന്തൊക്കെയോ പറയുകയായിരുന്നു "എല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ലോകമാണിത്. എല്ലാം കണ്ട് കൈ കൊട്ടി ചിരിക്കുന്ന വിഢ്ഢിയാണ് ലോകം. വികാരമില്ലാത്ത കല്ല് പോലെ, ശൂന്യതയിലെ കൂരിരുട്ട് പോലെ".

"നിർത്തൂ, എനിക്ക് മടുത്തു. അവൻ ഒച്ച വെച്ചു. "അവാർഡും കുന്തോം കിട്ടിയ ആളാണത്രേ, എന്തൊക്കെ പറയുന്നതെന്ന് ആൾക്ക് തന്നെ അറില്യ."

അയാളത് കേട്ടെങ്കിലും മറുപടിയായി ഒന്നു ചിരിച്ചു. അത്രമാത്രം. ആകാശത്ത് മേഘങ്ങൾ തൊട്ടുരുമ്മി നീങ്ങി. സന്ധ്യ വളരുകയാണ്. അവരുടെ ചുറ്റും ഇരുൾ നേർത്ത വലയം വെക്കുന്നുണ്ടായിരുന്നു.

"ഈ പാറയിൽ പണ്ടൊരു യക്ഷിയുണ്ടായിരുന്നു" കുട്ടി ഞെട്ടി. അയാൾ തുടങ്ങുകയായിരുന്നു. മറ്റൊരു കഥയുടെ ആരംഭം. ആരോ അതിനൊക്കെ നിർബന്ധിപ്പിക്കുന്നത് പോലെ അയാൾ... "നീണ്ടമുടിയും, പൂച്ചക്കണ്ണും, കൂർത്ത പല്ലും നഖവുമുള്ള..." കുട്ടി അയാളോട് ചേർന്നു നിന്നു. മുത്തശ്ശി തുടരും. "നമ്മുടെ തെക്കേതിലെ അപ്പൂപ്പനില്ലേ, ഉണ്ണ്യേ"

"ഉണ്ട് മുത്തശ്ശീ"

"ങ്ഹാ, ആ അപ്പൂപ്പനേയ്, ആനപ്പാറേല് പണ്ട് ആടുമേക്കാൻ പോയപ്പം കണ്ടതാ ഉണ്ണ്യേ."

"എന്താ മുത്തശ്ശ്യേ"

"നിന്റെ തന്തേനെ!" മുത്തശ്ശി അങ്ങിനെയാണ് കഥകൾക്കിടയിൽ സംശയങ്ങളും ചോദ്യങ്ങളും പാടില്ല. മൂളാം. മുത്തശ്ശി പറയുന്നതൊക്കെ സമ്മതിക്കണം എങ്കിലും മുത്തശ്ശി വാത്സല്യത്തോടെ തുടർന്നു. "യക്ഷി അപ്പൂപ്പനോട് ചിരിച്ചൂത്രേ, സുന്ദരിയല്ലെ, യക്ഷി. അപ്പൂപ്പനും അന്ന് നല്ല തടിമിടുക്കുള്ളയാളാ. യക്ഷി അപ്പൂപ്പനെ കൈമാടിവിളിച്ചൂത്രെ."

"എന്നിട്ടപ്പൂപ്പൻ ചെന്നോ?" മുത്തശ്ശി തന്നെ ചോദിച്ചു. പിന്നെ പരിഹാസത്തോടെ പറയും. "അപ്പൂപ്പനേയ്, ആരാന്നാ യക്ഷീന്റെ വിചാരം! ഓടി രക്ഷപ്പെട്ടില്ലേ, യക്ഷിന്റെ കെണീല് കുടുങ്ങുതെ അപ്പൂപ്പൻ രക്ഷപ്പെട്ടില്ലെ! ധീരനാ!"

അടക്കിയ ചിരി പൊട്ടിച്ചിരിയായി ഉണ്ണിയിൽ നിന്നും പുറത്തുവന്നു "എന്തിനാടാ കോന്താ നീ ചിരിക്കണ്?" മുത്തശ്ശിക്ക് കലി കയറി "ധൈര്യമുള്ള അപ്പൂപ്പനേയ്, ഓടിയതോർത്ത് ചിരിക്ക്യാ ഞാൻ"

"പിന്നെ എന്തോ ചെയ്യണമെടാ ഉണ്ണ്യേ. യക്ഷീനേം കൂട്ടിക്കൊണ്ടുവന്ന് അപ്പൂപ്പൻ കല്യാണം കഴിക്കണോടാ, കോന്താനുണ്ണ്യേ". മുത്തശ്ശിയും വിട്ടുകൊടുത്തില്ല. ഉണ്ണി അപ്പോഴും ചിരിച്ചു കൊണ്ടിരുന്നു.

കുട്ടിക്ക് പേടി തോന്നി ഒരു യക്ഷി നിന്നിരുന്നത് തങ്ങൾ ഇരിക്കുന്ന പാറയിലായിരുന്നല്ലോ എന്നോർത്തപ്പോൾ അവന് ഭീതിയായി.

"നിനക്കൊരു സത്യമറിയ്യോ കുട്ടീ." അയാൾ വാത്സല്യത്തോടെ ചോദിച്ചു. അവനത് കേട്ടില്ല. അതുകൊണ്ട് ഒന്നും പറഞ്ഞില്ല. അവന്റെ മനസ്സിൽ നീണ്ടമുടിയും, കൂർത്ത പല്ലും, നഖവുമുള്ള യക്ഷി മാത്രം നിറഞ്ഞുനിന്നു.

"ഈ ഭൂമിയിൽ യക്ഷിയും, പ്രേതവും ഒന്നുമില്ല കുഞ്ഞേ. അതെല്ലാം നാം സങ്കൽപിക്കുന്ന കുറെ ഭീകരരൂപങ്ങൾ മാത്രം. മരിച്ച് മണ്ണോട് ചേരുന്നതോടെ എല്ലാം തീർന്നു. മരിച്ച ശരീരത്തിൽ നിന്നും ഒന്നും പുനർജനിക്കുന്നില്ല കുഞ്ഞേ."

അവനത് വിശ്വസിച്ചില്ല. യക്ഷിയുണ്ട്. അവന്റെ ചെറിയ മനസ്സിൽ വലിയ യക്ഷി നിറഞ്ഞു നിന്നു.

സന്ധ്യ കൂടുതൽ ഇരുണ്ടു. മുഖങ്ങളിലെ വികാരങ്ങൾ പരസ്പരം മനസ്സിലാക്കാൻ കഴിയാത്ത സന്ധ്യ. അകലെ ക്ഷേത്രനടയിൽ വിളക്കുകൾ കത്തുന്നു.

"യക്ഷി ആരേലും, എന്തെങ്കിലും ചെയ്യോ?"

അയാൾ ചിരിച്ചു. "അതിന് യക്ഷി വേണ്ടേ, കുഞ്ഞേ"

ആകാശത്ത് പർവ്വതസദൃശ്യങ്ങളായ മേഘങ്ങൾ തൊട്ടുരുമ്മി നീങ്ങി. പടിഞ്ഞാറുനിന്നുള്ള കാറ്റിന്റെ ശക്തികൂടി വന്നു. കാറ്റിൽ ക്ഷേത്ര നടയിലെ വിളക്കുകൾ അണഞ്ഞു. കാറ്റിന്റെ ശക്തി വീണ്ടും കൂടി കൊടുങ്കാറ്റായി മാറി.



കൊടുങ്കാറ്റിൽ വൃക്ഷ ശിഖരങ്ങൾ പൊട്ടിഭൂമിയിലേക്ക് വീണു. ഇലകളും, ചുള്ളിക്കമ്പുകളും, അയാളുടെയും, അവന്റെയും മേൽ വീണുകൊണ്ടിരുന്നു.

നക്ഷത്രങ്ങൾ പോലും ഭൂമിയിലേക്ക് വീഴുന്ന കാറ്റ്! അവർ നിൽക്കുന്ന പാറ ഇളകുന്നതായി അവർക്ക് തോന്നി.

"അമ്മേ, യക്ഷി, യക്ഷി..." അവൻ നിലവിളിച്ചു.

ഇരുട്ടിൽ അയാൾ അവനെ തന്നോട് ചേർത്തു പിടിച്ചു. പ്രകൃതി പൊള്ളുമാറ് ഇടിമിന്നലുകൾ! ഭീകരശബ്ദമുള്ള ഇടിവെട്ടുകൾ! പാറയിൽ നിന്നും അവന്റെ കൈപിടിച്ച് അയാൾ ഇരുട്ടിലൂടെ തപ്പിത്തടഞ്ഞോടി. ദിക്കറിയാതെ ഓടവെ, അകലെ, തങ്ങൾ നിന്ന പാറയിൽ ഭീകര പൊട്ടിച്ചിരികളും, തേങ്ങലും, അട്ടഹാസവും, കഴുകന്മാരുടെ കൂട്ടചിറകടികളും അവർ കേട്ടു. അത് അടുത്തു വരുന്നതായി അവർക്ക് തോന്നി. കൂടെ ആർത്തു വരുന്ന കാറ്റും, പേമാരിയും.

കഥ



# ഇനിയേത് തീരം

**നൗഷാദ് . എ. എം**

അസ്തമയം ഇരുൾ വീണ ഇലകൊഴിഞ്ഞ വാകമരത്തിന്റെ ചുവട്ടിൽ ഏകനായി അയാൾ നിന്നു. അയാൾ ആരാണെന്ന് ആർക്കുമറിയില്ലായിരുന്നു. അയാൾ എവിടെ നിന്ന് വന്നുവെന്നും, ഈ ഒറ്റപ്പെട്ട കുടിലിൽ ഏകനായി എന്തിന് ദിനങ്ങൾ കഴിച്ച് കൂട്ടുന്നു എന്നും, മറ്റുള്ളവർക്ക് അറിയാനാവാത്ത വസ്തുതകളായിരുന്നു.

അയാൾക്ക് സുഹൃത്തെന്ന് പറയാൻ പോലും ആരുമില്ലായിരുന്നു. ആരും അയാളുമായിട്ടോ, അയാൾ മറ്റുള്ളവരുമായോ സൗഹൃദത്തിന് ശ്രമിച്ചിരുന്നില്ല എന്നതായിരുന്നു ഏറെ സത്യം. അയാൾ ആ ഗ്രാമത്തിൽ വന്നിട്ട് ഒരു മാസമായി. പുഴയോരത്തും, സന്ധ്യമയങ്ങുമ്പോൾ ചെറിയ വാടകവീടിന്റെ മുറ്റത്തെ ഇലകൊഴിഞ്ഞ വാകമരത്തിന്റെ ചുവട്ടിലും അയാൾ ഏകനായി പ്രതിമപോലെ നിൽക്കുന്നത് കാണുന്നവർക്കെന്നും അത്ഭുതം നിറഞ്ഞതായിരുന്നു.

“അയാളേതാ വാസുനായരേ” മറ്റുള്ളവർ വീട്ടുടമസ്ഥനോട് സംശയം നിരത്തി. വാസു നായർ ചിരിച്ചു. “ആരായാലുമെന്താ, വീട് വാടകക്ക് വേണമെന്ന് പറഞ്ഞപ്പോൾ കൊടുത്തു. അത്രതന്നെ. കൂടുതലൊന്നും ഞാനറിയില്ല.” വാസു നായർ കൈ മലർത്തി.

പിന്നീടാരും അയാളെപ്പറ്റി അന്വേഷിച്ചില്ല. ആ അദ്ധ്യായം അങ്ങനെ അവസാനിച്ചു.

മുറ്റത്ത് വാകമരത്തിന്റെ ചുവട്ടിൽ എന്തോ പ്രതീക്ഷിച്ച് അയാൾ ആ നിൽപ്പ് തുടർന്നു. ഇലകൊഴിഞ്ഞ ചില്ലകളിൽ ഇരുട്ട് കടന്നു വരികയായിരുന്നു.

“അവർ വരില്ലേ?” അയാൾ ആരോടെന്നില്ലാതെ ചോദിച്ചു. അൽപ്പം കഴിഞ്ഞ് അയാൾ തന്നെ പറഞ്ഞു. “ഇല്ല, അവർ വരാതിരിക്കില്ല. എന്നെ തനിച്ചാക്കിയിട്ട് മറ്റൊരു വാകമരവും തേടി യാത്രയാവാൻ അവർക്ക് കഴിയുമോ?”

പെട്ടെന്ന് അകലെ നിന്നും പക്ഷികൾ കൂട്ടത്തോടെ പറന്നു വരുന്നത് അയാൾ കണ്ടു. നേരിയ ഇരുളിലും, അയാളുടെ മുഖത്ത് ആ നിമിഷം സംതൃപ്തി നിറഞ്ഞിരുന്നു. അവ ചിറകടി ശബ്ദത്തോടെ ഇരുട്ട് പുതച്ച ചില്ലകളിൽ കൂട്ടത്തോടെ പറന്നിരുന്നു.

“ഞാൻ കരുതി, നിങ്ങൾ എന്നെ വിട്ട് എങ്ങോട്ടോ യാത്രയായെന്ന്. മറ്റൊരു ചില്ല തേടി, എന്നെ ഇവിടെ തനിച്ചാക്കി നിങ്ങൾ പറന്നുപോയെന്ന്. ഇല്ല, നിങ്ങളതിന് ശ്രമിക്കുമോ... നിങ്ങൾക്ക് ഞാൻ അന്യനാണെങ്കിൽപ്പോലും, എനിക്ക് നിങ്ങൾ...!”

പക്ഷികൾ നിശ്ശബ്ദരായി അയാളെ നോക്കിയിരുന്നു. നേരിയ ഇരുളിൽ അവക്ക് അയാളെയോ, അയാൾക്ക് അവയേയോ വ്യക്തമായിരുന്നില്ല.

നക്ഷത്രങ്ങൾ കണ്ണുചിമ്മുന്ന ആകാശം. നിറമില്ലാത്ത മേഘങ്ങൾ. മേഘങ്ങൾക്കിടയിൽ പാതിചന്ദ്രന്റെ അരണ്ട നിലാവിൽ പ്രകൃതി ശാന്തമായി മയങ്ങി.

അയാൾക്ക് ഉറക്കം വരുന്നുണ്ടായിരുന്നില്ല. ഒന്നും ചെയ്യാനില്ലാതെ അരണ്ട നിലാവിൽ മുറ്റത്ത് അയാൾ അങ്ങോട്ടുമിങ്ങോട്ടും നടന്നു. ഇടക്കിടക്ക് വാകമരത്തിലേക്ക് നോക്കി അയാൾ ചോദിച്ചു.



“നിങ്ങൾ ഉറങ്ങിയോ, നോക്കൂ, ഇവിടെ ഞാൻ ഉറക്കമില്ലാതെ അലക്ഷ്യമായി ഉലാത്തുന്നു. നിങ്ങളെന്നെ കാണുന്നുണ്ടോ, ഉണ്ടാവില്ല, അല്ലേ പ്രകൃതിയുടെ അരണ്ടനിലാവിൽ കുളിർക്കാറ്റേറ്റ് എന്റെ മനസ്സിലെ നേരിയ കാലടി ശബ്ദങ്ങൾ പോലും കേൾക്കാതെ ശാന്തമായി ഉറങ്ങിക്കാണുമല്ലേ, ഉറങ്ങിക്കോളൂ. ഇനിയും തീരങ്ങൾ തേടി നിങ്ങൾക്ക് യാത്രയാകേണ്ടതില്ലേ. നിദ്രയുടെ താഴ്‌വരയിൽ പോലും നിദ്ര തേടി അലയുന്ന ഞാൻ...”

പിന്നെ അയാൾ അകത്തേക്ക് കയറി വിളക്കണച്ചു. ഉറങ്ങാൻ കഴിയാതെ അയാൾ തിരിഞ്ഞും, മറിഞ്ഞും കിടന്നു. കണ്ണടച്ചാൽ മുന്നിൽ ആയിരം രൂപങ്ങൾ. അവക്കായിരം വർണ്ണങ്ങൾ.

പണ്ടെന്നോ കണ്ട തൂക്കുപാലം അയാളോർത്തു. ആൽഫ്രഡ്, ബെന്നി. തൂക്കുപാലത്തിന് മുകളിൽ പരസ്പരം കൈകളിൽ പിടിച്ച് അഭയം തേടുന്ന രണ്ട് കുട്ടികൾ. ഇന്ന് ബെന്നിയില്ല. ആൽഫ്രഡ് എന്ന താൻ മാത്രം. വഴികളിൽ നിന്നും വഴികളിലെക്കുള്ള പ്രയാണങ്ങളിൽ ബെന്നി ഏതോ തീരങ്ങളിൽ അപ്രത്യക്ഷനായി. നീയും നിന്റെ ഓർമ്മകളും മാത്രം.

“ബെന്നീ, എന്തിന് നാം ഇറങ്ങി ഓടി, അനാഥാലയത്തിന്റെ മുറ്റത്ത് കളിച്ച് ചിരിച്ച് കഴിഞ്ഞാൽ മതിയായിരുന്നു. ദുഃഖങ്ങളറിയാതെ അന്തിയുറങ്ങിയാൽ മതിയായിരുന്നു. മറ്റൊരു വലിയലോകമായിരുന്നു നിന്റെ കണ്ണുകളിൽ തിളങ്ങിയിരുന്നത്. അവിടെ എത്തും മുമ്പേ പാതി വഴിയിൽ നീ തളർന്നു വീണു. എന്റെ മടിയിൽ കിടന്ന് എങ്ങോട്ടോ? നീ ഉറങ്ങിയോ? ശാന്തിയുടെ തീരങ്ങളിലൂടെ നിന്റെ ആത്മാവ് നിദ്രയും തേടി യാത്രയായോ? ആകാശ നീലിമയിൽ, നക്ഷത്രക്കൊട്ടാരങ്ങളിൽ നീ അന്തിയുറങ്ങുമ്പോൾ...” അയാളുടെ കണ്ണുകൾ നിറഞ്ഞു. “നീ ഉറങ്ങി, എന്റെ കിളികൾ ഉറങ്ങി, പ്രകൃതി പോലും, ഞാൻ മാത്രം, ഞാൻ മാത്രം!”


തുറന്നിട്ട ജാലകത്തിലൂടെ അയാൾ പുറത്തേക്ക് നോക്കിക്കിടന്നു. പാതിചന്ദ്രനെ മഴക്കാറ് മൂടിയിരിക്കുന്നു. ഒറ്റപ്പെട്ട നക്ഷത്രങ്ങൾ ഉറക്കം തൂങ്ങുന്നു.

“എന്റെ ദുഃഖങ്ങൾ! കെട്ടഴിഞ്ഞ് പോയ ചങ്ങാടം പോലെ ഒഴുക്കിലകന്നു പോവുന്നു. വീണ്ടും മനസ്സിലേക്ക് തന്നെ തിരിച്ചെത്തുന്നു. ഒന്നും മറക്കാനാവുന്നില്ല, ഒന്നും!”

ഇന്നലെ രാത്രിയും ഉറങ്ങാൻ കഴിഞ്ഞില്ല. ഉറങ്ങിയൽപ്പം കഴിഞ്ഞ് ഞെട്ടിയുണർന്നു. അർത്ഥശൂന്യമായ, താൻ കണ്ട സ്വപ്നത്തെ പഴിച്ചു. സൂര്യൻ കിഴക്കസ്തമിക്കുകയും, കറുത്ത ചന്ദ്രൻ ഉദിക്കുകയും ചെയ്യുന്ന ഒരു നാൾ! ആകാശവീചികളിലൂടെ ഒരു ചെറുകിളി ലക്ഷ്യമില്ലാതെ പറന്നകലുന്നു. ഭൂമിയിൽ ആരുമില്ല. ജീവനുള്ളതായി താനും പറന്നുപോവുന്ന കിളിയും, മരങ്ങളിൽ ശാന്തമായുറങ്ങുന്ന കിളികളും മാത്രം. പെട്ടെന്ന് കിളികൾ ഉണർന്നു. അവ ആകാശവീചികളിലൂടെ പറന്നുപോകുന്ന കിളിയെ ക്കണ്ടു. പിന്നെ അവയെല്ലാം ചേർന്ന് എങ്ങോട്ടോ പറന്നുപോയി. ആകാശത്ത് ഭയങ്കരമായ ഇടിമിന്നി. കിളികൾ ഒന്നൊന്നായി തന്റെ മുന്നിൽ ചത്തുവീണു. വീണ്ടും ഇടിവെട്ടി. അപ്പോൾ താൻ ഞെട്ടിയുണർന്നു–വെറുമൊരു സ്വപ്നം. പിന്നെയുറങ്ങിയില്ല.

അയാൾ വീണ്ടും കണ്ണുകൾ മുറുക്കിയടച്ച് കിടന്നു. വീണ്ടും രൂപങ്ങൾ ഓർമ്മകളായി മിന്നി മറഞ്ഞു. രാത്രിയുടെ ഏതോ ഒരു നിമിഷത്തിൽ അയാൾ നിദ്രയുടെ താഴ്‌വരയിലൊരു കണമായി.

ഒരു ശബ്ദം കേട്ടയാൾ ഞെട്ടിയുണർന്നു. കാറ്റ് ആഞ്ഞടിക്കുകയാണ്. പേമാരിയുമുണ്ട്. ഇടിമിന്നൽ, ജാലകത്തിലൂടെ മുറ്റത്തെ ഇലകൊഴിഞ്ഞ വാകമരം കാറ്റിൽ വീഴുന്നത് ഒരു നിമിഷം മാത്രം കാണിച്ചു കൊടുത്തു. ഇരുട്ടിൽ ഒരു ശബ്ദം മാത്രം അയാൾ കേട്ടു. അയാളുടെ തളർന്ന മനസ്സിൽ പക്ഷികൾ വേദനയുടെ രോദനവുമായി ചിറകടിച്ചു വീണു.



# മടക്കയാത്ര

അസീറ. എൻ.പി

ഉണ്ണികൃഷ്ണൻ നടന്നുവരികയായിരുന്നു. രാത്രിയായതിനാൽ വെളിച്ചമില്ല. എങ്കിലും അങ്ങകലെ ഒരു നേരിയ വെട്ടം അവൻ കാണുന്നുണ്ടായിരുന്നു. അവൻ നടത്തത്തിന്റെ വേഗത കൂട്ടി. കാലം ഏറെയായങ്കിലും പാതക്ക് പ്രത്യേകിച്ച് മാറ്റമെന്നും വന്നിട്ടില്ല.

അവൻ മുന്നോട്ട് നീങ്ങി. അപ്പോൾ ഒരു രൂപം ഇരുട്ടിൽ തന്റെ ഏതിരെ വരുന്നതായി അവന് തോന്നി. സൂക്ഷിച്ചു നോക്കിയപ്പോൾ അതൊരു സ്ത്രീ ആണെന്നു മനസിലായി. അവൻ ആ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി. എവിടെയോ കണ്ടുമറന്ന മുഖം. അവളുടെ മുഖത്തിന്റെ പാതി മാത്രമേ കണ്ടതുള്ളൂ. അതേ, അത് അവൾ തന്നെ. അവൻ മനസിലുറപ്പിച്ചു.

സുമതീ... ! അവൻ തിരിഞ്ഞ് നിന്ന് വിളിച്ചു. പക്ഷേ, അവൾ തിരിഞ്ഞു പോലും നോക്കാതെ നടന്നു മറഞ്ഞു. അവന്റെ മനസിൽ എന്തോ ഒരു വല്ലായ്മ. സുമതി ഈ രാത്രിയിൽ ....?

അവൻ തന്റെ ചെറുപ്പകാലത്തെക്കുറിച്ച് ഓർത്തു. വികൃതി കുറച്ചു കൂടിയ ഉണ്ണി എപ്പോഴും സുമതിയെ ഉപദ്രവിക്കുന്നതിൽ രസം കണ്ടെത്തിയിരുന്നു. “ഉണ്ണീ, ഉണ്ണീ ” എന്ന് വിളിച്ചവൾ കളിയാക്കുമ്പോൾ അവളുടെ രണ്ട് ചെവിയിലുംപിടിച്ച് “ഉണ്ണിയേട്ടാ ” എന്ന് വിളിപ്പിച്ചിരുന്നു. അവൾ വലുതായി, രണ്ടു കുഞ്ഞുങ്ങളുടെ അമ്മയായി എന്നതും അവനറിഞ്ഞിരുന്നു.

അവൻ വീട്ടുമുറ്റത്തെത്തിയപ്പോഴും മനസ്സിൽ സുമതി തന്നെയായിരുന്നു. മെല്ലെ വാതിലിൽ മുട്ടിയപ്പോൾ അമ്മ വന്നു വാതിൽ തുറന്നു. ആ സ്ത്രീയുടെ മുഖത്ത് അപ്പോൾ ആശ്ചര്യവും ഒപ്പം സന്തോഷവും കാണാമായിരുന്നു. അമ്മക്ക് മകനോട് ഒത്തിരി പറയാനുണ്ടായിരുന്നു. അവൻ ഭക്ഷണം കഴിക്കാനിരുന്നപ്പോഴും അമ്മ വിശേഷങ്ങൾ തുടരുന്നുണ്ടായിരുന്നു.

അവന്റെ മനസിൽ കിടന്ന് ഉരുണ്ട് കളിച്ചിരുന്ന ആ കാര്യം അവനപ്പോൾ എടുത്തിട്ടു.

“ങാ , അമ്മേ നമ്മുടെ സുമതീടെ വിശേഷങ്ങൾ എന്തൊക്കെയാണ് ?” അപ്പോൾ ഒരു നെടുവീർപ്പോടെ പറഞ്ഞു. “എടാ അവൾ മരിച്ചിട്ട് ഇന്നേക്ക് നാൽപ്പതു കഴിഞ്ഞു ”. പിന്നെ അമ്മ അവളുടെ മരണത്തെപ്പറ്റിയും മറ്റും വിവരിക്കുന്നുണ്ടായിരുന്നു. പക്ഷേ,അവനതൊന്നും കേൾക്കാൻ കഴിഞ്ഞില്ല.

കഥ

# മഞ്ഞുനൂലുപോലെ

## അക്ബറലി പുതുനഗരം

നീണ്ട താടിയും തീക്ഷ്ണമായ കണ്ണുകളുമുള്ള, വെളുത്തുകൊലുന്നനെയുള്ള ഒരു മനുഷ്യൻ. അയാൾ ഈയിടെയായി എന്റെ സ്വകാര്യതകളെ വല്ലാതെ ആക്രമിച്ചുതുടങ്ങിയിരിക്കുന്നു. പലപ്രാവശ്യമായി ഞാൻ അയാളെ കാണുവാൻ തുടങ്ങിയിട്ട്. ഹ്രസ്വമായ കൂടിക്കാഴ്ചകൾ. പലപ്പോഴും ചിരിക്കുന്ന കണ്ണുകൾ കൊണ്ടൊരാംഗ്യം. ചിലപ്പോഴൊക്കെ ഒരു സംഭാഷണശകലം; തീർന്നു. മിന്നൽപിണർ പോലെയാണയാൾ അപ്രത്യക്ഷനാകുന്നത്. സെക്കന്റുകളുടെ, ചിലപ്പോൾ നിമിഷങ്ങളുടെ സൗഹൃദം. എങ്കിൽപോലും അയാൾ ചിരപരിചിതനാണെന്നെനിക്കു തോന്നിത്തുടങ്ങിയിരിക്കുന്നു.

തിരക്കേറിയ നഗരവീഥികളിലൊന്നിൽ വെച്ചാണ് ആദ്യമായി ഞാനയാളെ കണ്ടത്. ഒന്നേ നോക്കിയുള്ളു. എന്തെന്നില്ലാത്ത ആകർഷകത്വം തോന്നിക്കുന്ന മുഖഭാവം. അയാളെന്നെ നോക്കി മന്ദഹസിക്കുകയാണ്. എവിടെയോ കണ്ടുമറന്ന മുഖമാണയാളുടേതെന്ന് എനിക്കുതോന്നി. ഞാൻ ഓർമ്മകളിൽ മുങ്ങിത്തിരയാൻ തുടങ്ങി. ബോധതലങ്ങളിൽ നേരിയ മങ്ങൽ വ്യാപിക്കുന്നത റിഞ്ഞു.

ഭാര്യയുടെ ആശങ്കമുറ്റിയ മുഖത്തേക്കാണ് കണ്ണുകൾ തുറന്നത്, അവൾ കട്ടിലിൽ എനിക്കരികിൽ കണ്ണീരൊലിപ്പിച്ചിരിക്കുകയായിരുന്നു. സ്റ്റെതസ്കോപ്പ് ധരിച്ചു സുമുഖനായ ഒരു ഡോക്ടർ, നേർത്ത ചിരിയോടെ പകുതി എന്നോടും പകുതി ഭാര്യയോടുമായി പറയുന്നതു കേട്ടു :

"ടെയ്ക് ഇറ്റ് ഈസി. പേടിക്കാനൊന്നുമില്ല."

എന്റെ മനസ്സിൽ അപ്പോഴും വെളുത്തു കൊലുന്നനെയുള്ള താടിക്കാരനായിരുന്നു. അയാളുടെ, അഗ്നിസ്ഫുലിംഗങ്ങൾ ചിതറുന്ന തീക്ഷ്ണമായ കണ്ണുകൾ. ആരാണയാൾ ? ഓർമ്മകളിലൂടെ ഒട്ടേറെ സമയം അലഞ്ഞുതിരിഞ്ഞിട്ടും അയാളുടെ മുഖം എന്റെ മനസ്സിലേക്കു കടന്നുവന്നില്ല.

പൊടുന്നനെയാണ് ഞാനതു കണ്ടത് : ആശുപത്രി വാർഡിന്റെ , അഴിയില്ലാത്ത ജനാലയ്ക്കപ്പുറത്ത് അയാൾ !

അയാൾ തന്റെ തീക്ഷ്ണമായ കണ്ണുകൾ കൊണ്ട് അവിടെനിന്നെന്നെ ഉറ്റുനോക്കുകയാണ്. അധരങ്ങളിൽ, നിഗൂഢമായൊരു ചിരി ഒളിപ്പിച്ചുവെച്ചതുപോലെ.

"ഹേയ് !"– ഉച്ചത്തിൽ വിളിച്ചുകൊണ്ട് ഞാൻ കട്ടിലിൽ നിന്ന് ചാടിയെഴുന്നേറ്റു. പരിഭ്രാന്തിയോടെ ഭാര്യ എന്റെ കൈയ്ക്കു കടന്നു പിടിച്ചു.

"എന്തേ, എന്തുപറ്റി ? "

ആശങ്കയോടെ അവൾ ആരാഞ്ഞു.

"അയാൾ !......"

ഞാൻ ജനാലയ്ക്കുനേരെ വിരൽ ചൂണ്ടി. അവിടെ അയാളില്ലായിരുന്നു !

വിയർപ്പിൽ മുങ്ങിയ എന്നെ നോക്കി തേങ്ങലടക്കാൻ പാടുപെട്ടുകൊണ്ട് ഭാര്യ പുറത്തേക്കോടി.

എനിക്കൊരെത്തും പിടിയും കിട്ടിയില്ല. ആരാണാ താടിക്കാരൻ ? ഞാൻ തലപുകഞ്ഞാലോചിച്ചു. എന്തിനയാളെന്നെ പിന്തുടരുന്നു ? ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ. ആദ്യമയാളോട് എനിക്ക് എന്തെന്നില്ലാത്ത ഒരടുപ്പം തോന്നിയിരുന്നു. ഇപ്പോഴത് വെറുപ്പായി പരിണമിക്കുകയാണ്. ആരായാലും അയാൾക്കെന്റെ മുന്നിൽ വന്നാലെന്ത് ?എന്താണയാളുടെ ആവശ്യമെങ്കിലും എന്നോടത് നേരിട്ടു പറയാമല്ലോ ! പിന്നെന്തിനീ ഒളിച്ചുകളി !!

ചിന്തയുടെ കയങ്ങളിൽ നട്ടംതിരിയുമ്പോൾ പൊടുന്നനെ എന്നെ അദ്ഭുതപ്പെടുത്തിക്കൊണ്ട് അയാളെന്റെ കട്ടിലിനരികിൽ പ്രത്യക്ഷപ്പെട്ടു. വിസ്മയത്തോടെ ഞാനയാളെ ഉറ്റുനോക്കി.

"ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ !"

ഇളംചിരിയോടെ, ഘനഗംഭീരമായ ശബ്ദത്തിൽ അയാൾ പറഞ്ഞു. എനിക്കാദ്യമത് വിശ്വസിക്കാനായില്ല. അയാളെന്റെ മുന്നിൽ വരിക മാത്രമല്ല, എന്നോടു സംസാരിക്കുകയും ചെയ്തിരിക്കുന്നു !

"ആരാണു നിങ്ങൾ ?"

അൽപ്പം ഉറക്കെയാണ് ഞാനതു ചോദിച്ചത്.

അതിനുള്ള പ്രതികരണം, എന്റെ ഭാര്യയുടെ അമർത്തിപ്പിടിച്ച തേങ്ങലുകളായിരുന്നു. എന്റെ നെഞ്ചിൽ ഉറപ്പിച്ച സ്റ്റെതസ്കോപ്പ് വലിച്ചെടുത്ത്, ഡോക്ടർ എന്റെ ഭാര്യയോട് പറയുന്നതുകേട്ടു :

"സാരമാക്കേണ്ട. പനി കൂടിയതിന്റെ കുഴപ്പമാണ്. ഒന്നുറങ്ങിയാൽ മാറിക്കോളും !"

വെളുത്ത ചിറകുകൾ വിടർത്തി പറന്നു വന്ന ഒരു പെൺകുട്ടി, എന്റെ കൈകളിലേക്ക് സിറിഞ്ച് കുത്തിയിറക്കി. വേദന, സുഖകരമായൊരാലസ്യമായി പരിണമിക്കുമ്പോഴും എന്റെ മനസ്സിൽ ഒരു മൂടൽ മഞ്ഞു പോലെ അയാളുണ്ടായിരുന്നു.

പിന്നെയെപ്പോഴോ ഒരൊഴിവുദിവസം വീട്ടിൽ വിശ്രമിക്കുമ്പോൾ ഭാര്യ എന്നോടു ചോദിച്ചു :

"അന്ന് ആശുപത്രിയിൽവെച്ച് ഇടയ്ക്കിടെ ഒരാളെപ്പറ്റി പറയുമായിരുന്നല്ലോ ! ആരാണയാൾ ?"

"ആരാണയാൾ !"– ഒരു പ്രതിദ്ധ്വനി പോലെ ഞാനവളെ അനുകരിച്ചു. സത്യം പറഞ്ഞാൽ ഏറെ നാളുകൾക്കുശേഷം ഇപ്പോഴാണ് ഞാനയാളെ ഓർക്കുന്നത്.

ആ ഓർമ്മകൾ തന്നെ തണുപ്പിഴയുന്ന ഒരനുഭവമായി സിരകളിലൂടെ പടരുകയാണ്. എങ്കിലും, അയാളെ ഞാൻ എന്നെങ്കിലും കണ്ടെത്തുകതന്നെ ചെയ്യുമെന്ന് എനിക്കു തോന്നിയിരുന്നു. അകറ്റാനാവാത്ത എന്തോ അടുപ്പം അയാളുമായുള്ളതുപോലെ.

കോടമഞ്ഞുള്ള ഒരു രാത്രിയിൽ അതു സംഭവിച്ചു. ഞാൻ അയാളെ കണ്ടുമുട്ടുകതന്നെ ചെയ്തു. അൽപ്പം മുമ്പ് ചാറൽ മഴ പെയ്തുകൊണ്ട് വഴുക്കലുള്ള റോഡ്. അതിൽ പത്തുമീറ്റർ അപ്പുറമുള്ള ദൃശ്യങ്ങൾ വരെ അപ്രത്യക്ഷമാണ്. കരുതലോടെ കാറോടിക്കുമ്പോൾ പൊടുന്നനെ തൊട്ടുമുന്നിൽ അയാളുടെ മുഖം കണ്ടു.

അയാളെ കടന്നുപോയതിനുശേഷമാണ്, അയാൾ തന്നെയാണതെന്ന ബോധം എനിക്കുണ്ടായത്. അയാളെന്റെ കാറിന് കൈകാണിച്ചിരുന്നുവോ ! സംശയത്തോടെ ഞാൻ പിന്നിലെ ഗ്ലാസിലൂടെ തിരിഞ്ഞു നോക്കി. ഒരു നിഴൽപോലെ അയാൾ ! ഞാൻ കാർ റിവേഴ്സെടുത്തു. അയാൾ നിൽക്കുന്നേടത്തേക്ക് കാർ നീങ്ങിത്തുടങ്ങി.

പെട്ടെന്ന് ഒരു വിസ്ഫോടനം നടന്നതുപോലെ എനിക്കുതോന്നി. എന്തൊക്കെയോ പൊട്ടിത്തകരുന്നു. സന്ധിബന്ധങ്ങൾ തകരുന്ന വേദന !

ഇടമുറിയാതെ പ്രവഹിക്കുന്ന സന്ദർശകരിൽ ചിലർ പറഞ്ഞാണറിഞ്ഞത് : ഇരുപതടി ആഴമുള്ള കൊക്കയിൽ കാർ നിലത്തോടമ്പിപ്പോയത്രേ. അവശിഷ്ടങ്ങൾക്കിടയിൽ നിന്ന് എന്നെ വലിച്ചുപുറത്തെടുക്കുകയാണുണ്ടായത് !



ഭാര്യയുടെ സംശയം കലർന്ന നോട്ടത്തെ അവഗണിച്ചുകൊണ്ട് ഞാൻ ചോദിച്ചു : "അയാൾക്കു വല്ലതും പറ്റിയോ ?"

"ആർക്ക് ? "-അവൾ നെറ്റി ചുളിച്ച് എന്നെ നോക്കുകയാണ്.

"അയാൾ.........അയാൾക്കു വേണ്ടിയാണല്ലോ ഞാൻ കാർ പിറകോട്ടെടുത്തത്. ആ നീണ്ട താടിയുള്ള, വെളുത്തു മെലിഞ്ഞ ......"

എന്റെ വിശദീകരണം കേട്ട് ഭാര്യ തലയ്ക്കു കൈയും കൊടുത്തിരിക്കുന്നതു കണ്ടു. പിന്നെയെപ്പോഴോ പല്ലുഞെരിച്ച്, അവൾ പിറുപിറുക്കുന്നതു കേട്ടു :

"അയാളെയെങ്ങാനും കൈയിൽ കിട്ടിയാൽ........"

ഇനിയെരാഘാതവും കൂടി താങ്ങാൻ അവൾക്കു കഴിയില്ലെന്ന് എനിക്കു തോന്നി.

ജോലി കഴിഞ്ഞ് മടങ്ങിയെത്തിയ എന്നെ, പതിവില്ലാതെ ഭാര്യയുടെ വിളറിയ മുഖമാണ് നേരിട്ടത്.

"എന്തു പറ്റി ?"

-ഞാൻ അന്വേഷിച്ചു.

"ഇന്ന് അയാൾ വന്നിരുന്നു"-അവൾ പറഞ്ഞു.

"ആര് ?"- പരിഭ്രമത്തോടെ ഞാൻ ചോദിച്ചു.

"നിങ്ങൾ പറയാറുള്ള ആ താടിക്കാരൻ! "

"എന്നിട്ട് ? " -ആശങ്കയോടെ ഞാൻ അവളുടെ ചുമലുകൾ പിടിച്ചുകുലുക്കി. അവളാകട്ടെ, എന്റെ ചോദ്യം കേൾക്കാത്ത മട്ടിൽ വിദൂരതയിലേക്കു കണ്ണും നട്ടിരിക്കുകയാണ്.

# നന്മയാം വിഹായസ്സേ വിട !

സ്വയ. എം.കെ

തേജസ്വിയാണ് നീ. നിന്നിലല്ലേ എല്ലാവരുടേയും മലർക്കെയുള്ള നോട്ടം വന്നു ഭവിക്കുന്നത്. വെറുതെയാ ചിരിക്കുന്നത്. ഒരു Bloodless revolution നടത്താൻ ആരും മുതിരുന്നില്ല. പക്ഷെ......, തിന്മയുടെ മൂർത്തീഭാവമാം മാനുഷർ, തിന്മ – അതാണ് അവനിൽ കുടികൊള്ളുന്ന ശ്മശാനഭൂതം.

'വെറുതേ നോവിക്കാതെ വിടാമോ, ഞാനെങ്കിലും സ്വൈര്യമായിരിക്കട്ടെ, ചിരിക്കട്ടെ'.

കരൾ നൊന്ത് കരഞ്ഞിട്ട്, ഉള്ളു നിറയെ ചിരിച്ചിട്ട് യുഗങ്ങൾ കഴിയുന്നു അല്ലെ ഞാനാണ് വെറും ശൂന്യത. എന്റെ അക്ഷരങ്ങൾക്ക് വിപ്ളവത്തിന്റെ ഛായയുണ്ടത്രെ–ശുദ്ധഭോഷ്ക്ക്, മഹാവങ്കത്തം.

ദാ വരുന്നു, ഒരശ്വാരൂഢൻ. അവനും വേണമായിരിക്കും എന്റെ കരൾ. വരട്ടെ, വെറുതേയീ ജീവിതം കുളിർക്കാറ്റു വീശിയിട്ട് നാളെത്രയായ്. വെറുതെയാണ്, അറ്റകൈക്ക് ഉപ്പുതേക്കാത്ത നിന്നെ പ്രേമിക്കുന്നത്, സ്നേഹിക്കുന്നത്.

നിനക്കറിയോ,കഴിഞ്ഞയാണ്ടിൽ എന്തൊക്കെയാ നടന്നതെന്ന് ? വെറും മുന്നൂറ്ററുപത്തഞ്ച് ദിവസങ്ങൾക്കുള്ളിൽ നൂറ്റാണ്ടിന്റെ സംഭവവികാസങ്ങൾ.

ഈ മനുജനെത്ര വിഢ്ഢി? എല്ലാം വരുമെന്നറിയാമായിട്ടും ഭൂതഭാവി വർത്തമാനകാലേ കിഴിച്ചു കൂട്ടിപ്പറയുന്നത്, അങ്ങനെയുള്ളവർക്കുമുണ്ടത്രേ ഒരായുസ്സ്



–ഒരാത്മാവ്. വേണ്ട, കാര്യങ്ങളുടെ ഗ[...] ഇങ്ങനെയെങ്കിൽ, ലോകം നാളെ, ഇ[...] ഇതാ നിമിഷങ്ങളുടെ ചെങ്കോലി[...] ചാർത്തിയ അഗ്നി മുകുരം.

'മനസ്സേ ആസ്വദിക്കൂ, ആവോളം' വെറുതെ! ആസ്വാദനം, ആനക്കാര്യ[...] നിടയിലാ ചേനക്കാര്യം.

പ്രാപ്പിടിയാ വരു, നിന്റെ കൂടെ ഞ[...] നുമുണ്ട്. ഞാനും പിടിച്ച് തരാം ധാരാ[...] പക്ഷികളെ, മൃഗങ്ങളെ. എന്തിനെന്നോ ഒരു ചാൺ വയറ് എനിക്കും നി[...] ക്കേണ്ടേ. എത്ര നാളായീ സത്യസ[...] തയും പേറി നടക്കുന്നു, ജീവിതം ഹ[...] മിക്കുന്നു.

തമസ്സേ, നിനക്കുമുണ്ടോ, ചേതോവി[...] കാരങ്ങൾ, ആലിലപോൽ വിറക്കു[...] നിന്റെ പഞ്ചകുണ്ഠലങ്ങൾ.

നാളെക്ക് മാറ്റി വെക്കാതെ ഇന്നെക്ക[...] തീർത്തേക്കൂ–എല്ലാവരും. നീട്ടിവെക്ക[...] വെറും വിഢ്ഢിത്തം. എല്ലാവർക്കു[...] റിയാം. പക്ഷെ, ആരും ചിന്താമണ്ഡല[...] ങ്ങൾക്കുള്ള താക്കോൽ പൂട്ടി കീശയി[...] വെച്ചിരിക്കുകയാണത്രെ. എന്തിനെന്നോ[...] തുറന്നാൽ ജീവിതം ദുസ്സഹമായിപ്പോവു[...] മത്രെ. ആസ്വദിക്കാനുണ്ടാവില്ലത്രെ.!

വെറുതേ ജീവിക്കുന്നതിൽ അർത്ഥ[...] മുണ്ടോ, ഉരുവിടൂ മാമലകളേ, ശരിക്കു[...] ത്തരം പറഞ്ഞ് മനുജർക്ക് വിവരമുണ്ട[...] ക്കികൊടുക്കു, നിന്നെ താങ്ങി നിർത്ത[...] ന്നതാരാണെന്ന് പറയൂ.

അങ്ങകലെ ആയിരം കാതങ്ങൾക്കപ്പുറത്ത് ഒരു ഭൂകമ്പമുണ്ടായത്രെ. എണ്ണിയാലൊടുങ്ങാത്ത ശവശരീരങ്ങൾ കഴുകന്മാരെയും പ്രതീക്ഷിച്ച് കിടപ്പുണ്ടാവും. മാത്രമോ, അവരുടെ ചുറ്റും ആനന്ദനൃത്തമാടുന്നവർ വേറെയും.

"നീയാരാ ഇങ്ങടുത്തു വരൂ, ശരിക്ക് കാണുന്നില്ലല്ലോ ദൈവമേ, കണ്ണിന്റെ കാഴ്ചയും നീയെടുത്തോ, – ഇല്ല തിരിയുന്നുണ്ട്. ആ, നമ്മുടെ മന്ത്രിമാരിൽ പ്രധാനി. അയ്യട! ആള് നല്ല പൂസിലാണല്ലോ. ഏ, നോക്കട്ടെ, എന്നെ കൈകൊട്ടി വിളിക്കുന്നോ."

"യ്യോ, വേണ്ട, വേണ്ട എനിക്ക് നിങ്ങളുടെ ഗാട്ടും ഡ്രാഫ്റ്റും. ഒന്നു ജീവിക്കണമേ, ഉടുതുണി പോലും വേണമെന്നില്ല. വിശപ്പ്, അതൊന്നു മാറ്റണം. അമ്മേ, ഭഗവതീ ....."

ദാ വരുന്നു ശൂലം. അതോ ചൂളമോ. ആ, അത് നമ്മുടെ അതിയാന്റെ അസ്ഥികൂടമാണല്ലോ. ആത്മശാന്തി ലഭിക്കാതലയുന്ന പ്രേതം.

പാവം മേത്ത, ഇത്തിരി കാശ് കട്ടുന്നല്ലേ ഉള്ളൂ. ഇങ്ങനെ വിധിക്കപ്പെട്ടുവോ.

അവിടെ അങ്ങകലെ ഗൗരിയും, കരുണാകരനും, നായനാരും, ഇ.എം.എസുമൊക്കെ സുഖമായുറങ്ങുകയാണോ. ഏയ്, നോക്ക്, അവരും ഇടയ്ക്കിടെ ഞെട്ടുന്നുണ്ട്. കുരക്കുന്നുമുണ്ടല്ലോ. ദൈവമേ, പാവങ്ങൾ ഇവരെന്ത് തെറ്റാ ചെയ്തത്?

"ആ,.... ഇങ്ങട് വാടോ സദ്ദാമേ, അന്നെ ഞമ്മള് ശരിക്ക് കാണട്ട്ന്നേ!"



"എടാ, ജ്ജ് നിന്ന് കത്തണോ. ഇത്രയും കഠിനമോ, പരമഹമുക്കേ നമ്മുടെ ബുഷ്, യെൽസിൻ, ക്ളിന്റൺ, ഗോർബി തുടങ്ങിയവർ തമ്മിൽ പിണഞ്ഞ് പരസ്പരം ഉമ്മ വെച്ചോണ്ട് കിടക്കയാണല്ലോ".

"നീയും പോടാ, ഒന്ന് പഞ്ചായത്താക്കാൻ നോക്ക്. അങ്ങട്ട് മാറി നിൽക്കെടോ ശകടമേ, നമ്മടെ അദ്വാനിയും, ജോഷിയും കൂട്ടരുമൊക്കെയല്ലേ വരുന്നത് തീമാല. അതെ! പിന്നെയോ തീ കൊണ്ടുള്ള രഥത്തിലാണല്ലോ അവരുടെ വരവ്. പാവങ്ങൾ, അവരും കരയുകയാണല്ലോ. സാരമില്ല, വിതച്ചതേ കൊയ്യൂ.

നിൽക്ക് കടലേ, നദികളെ,..... നിങ്ങൾക്കും വെകിളി പിടിച്ചുവോ. ആ കശ്മലന്മാരോട് അത്രക്ക് വെറുപ്പോ.

"നീ ആരെയും കൊണ്ടാ ഓടണത്, ഒന്നു പൊക്കൂ... ആ... ഇപ്പം പിടികിട്ടി. ക്രയോജനിക്ക് മെഷീൻ അല്ലേ?"

"എന്തിനാടാ ഹമുക്കേ, അനക്കത്?" വീണ്ടും വരുന്നോ സായാഹ്നം! ഏയ് അത് സ്വർഗ്ഗത്തിന്റെ കാറ്റ് ഒന്ന് പറന്നതാ.

അല്ല, നമ്മളെ സുഗതകുമാരിയല്ലേ മരുപ്പച്ചക്കിടയിൽ തെളിനീർ കുടിക്കുന്നത്.

അപ്പുറത്ത് മാധവിക്കുട്ടിയും, ബാലാമണിയമ്മയും തിടുക്കത്തിൽ എഴുതുകയാണോ, കൂടെ അന്തർജ്ജനവുമുണ്ടല്ലോ.

"ങ്ആ... അവർക്കെങ്കിലും മരണാനന്തരം ഇങ്ങനെയൊക്കെ തോന്നിയല്ലോ"

"ഈ എം.ടി യെന്താ മനോരാജ്യത്തിൽ മുഴുകിയിരിക്കുന്നത്. കൂടെ ഓ.എൻ.വിയുമുണ്ടാകും."

വാ ചെഞ്ചായമേ, ഇവിടെ നിന്നാലെ, നമ്മുടെ തടികേടാവും.

സമയമായി, വണ്ടി വിടും. ഏയ്, നിൽക്ക് ഞങ്ങളും ഉണ്ട്. അവസാന ടിക്കറ്റെങ്കിലും തരില്ലേ, ഇവിടം കണ്ട് മടുത്തു.

ഹാവൂ, ഒരു വിധം ലോക്കൽ ക്ലാസെങ്കിലും ഒപ്പിച്ചു. ●

# നവമ്പർ പതിനാല്

അബ്ദുൽ അഹദ്. സി. കെ.

പതിവുപോലെ തിരക്കുപിടിച്ച ഒരു ദിവസം, ധൃതിപിടിച്ച് റെയിൽവെസ്റ്റേഷനിലെത്തി. ട്രെയിൻ ലേറ്റ്. അയ്യോ, ഇത്രയും ഓടിക്കിതച്ചത് നഷ്ടക്കച്ചവടമായല്ലോ. (ഏതായാലും ഇന്ത്യൻ റെയിൽവെയല്ലേ, സഹിക്കുകയല്ലാതെ മറ്റെന്തുചെയ്യും ?)

ഉടനെ കീശയിൽ കയ്യിട്ടു. ആ സ്വഭാവം ഇതുവരെ ഒഴിവാക്കാനായിട്ടില്ല. പല തവണ ശ്രമിച്ചതാണ്. പക്ഷെ, കണ്ടാൽപ്പിന്നെ ചുണ്ടിൽ വെച്ചേ അടങ്ങൂ. പ്രതീക്ഷിച്ചിരുന്നതുപോലെ അവസാനത്തെ ബീഡിക്ക് തിരികൊളുത്തി.

പുകപുറത്തുവിടാനായി തലയുയർത്തി നോക്കിയതോ, പഴകിദ്രവിച്ച, അതിനെക്കാളും ദ്രവിച്ച നാലക്ഷരങ്ങൾ കോറിയിട്ട ഒരു ബോർഡിലേക്ക്, "പുക വലിക്കരുത്."

അപ്പോഴേക്കും ട്രെയിൻ പ്ലാറ്റ്ഫോമിലെത്തി. തിരക്കുപിടിച്ച ഓട്ടത്തിനിടയിൽ തിക്കിത്തിരക്കി ഉള്ളിൽ കയറിപ്പറ്റി. അപ്പോഴും ബീഡിക്കുറ്റി കയ്യിലുണ്ടായിരുന്നു. ട്രെയിനിനകത്തുമുണ്ടായിരുന്നു–നാലക്ഷരങ്ങൾ എഴുതിപ്പിടിപ്പിച്ച ഒരു ബോർഡ്. ഹമ്പട വീരാ .....! എന്റെ ബീഡിക്കുറ്റിയുടെ കൂടെ നീയും സഞ്ചരിക്കുന്നുണ്ടോ ?

ട്രെയിനിലെ തിരക്കിനിടയിൽ ഒരു സ്ത്രീ നിലത്തിരിക്കുന്നു. മുഖത്ത് യാത്രയുടെ ക്ഷീണം. കണ്ണുകൾ ഉള്ളിലോട്ട് കുഴിഞ്ഞിറങ്ങിയിരിക്കുന്നു. ജട പിടിച്ച മുടികൾ. അവൾക്ക് കൂട്ടിന് കയ്യിൽ സുന്ദരനായ ഒരു കുഞ്ഞും, മറു കൈയ്യിൽ ഒരു മാറാപ്പു സഞ്ചിയുമുണ്ടായിരുന്നു.

അവളും എന്നെ അനുഗമിക്കുന്നുണ്ടായിരുന്നു. ഞാൻ ഓഫീസിന്റെ പടി കയറി തിരിഞ്ഞുനോക്കിയപ്പോഴേക്കും അവൾ ആ കരിങ്കൽ കൂട്ടങ്ങൾക്കടുത്തെത്തിയിരുന്നു. എന്റെ ഇരിപ്പിടത്തിനടുത്ത ജനലിലൂടെ അവളുടെ ഓരോ ചലനവും, ഞാൻ ജോലിക്കിടയിലും ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

അവൾ കുഞ്ഞിനെ തൊട്ടടുത്ത മരച്ചുവട്ടിൽ ഇരുത്തി, തൂങ്ങിക്കിടക്കുന്ന സാരിയുടെ ഒരഗ്രം മുൻഭാഗത്ത് കുത്തി. കുഞ്ഞിന് കൂട്ടിനായി ഭാണ്ഡവും വെച്ചുകൊടുത്തു. പിന്നെ കാതടപ്പിക്കുന്ന ശബ്ദം അവൾക്കരികിൽ നിന്നും പുറത്തുവരുന്നു. എന്റെ കോപവും, അവളുടെ പ്രവൃത്തിയും വളർന്നുകൊണ്ടേയിരുന്നു. പോയി ഒന്ന് ശകാരിച്ചാലോ- - - - - - - കോപം കൊണ്ട് ഞാനാലോചിച്ചു. എങ്കിലും ഞാനതിനു തുനിഞ്ഞില്ല.

പക്ഷെ അപ്പോഴേക്കും ചുറ്റുമുള്ള പാറക്കഷ്ണങ്ങൾക്ക് ചില പ്രത്യേകരൂപം അവൾ നൽകിയിരുന്നു. പിന്നെ അവയിലൊന്നിന് കയറിട്ടു വലിച്ചുകൊണ്ട്

അവൾ മുന്നോട്ട് നീങ്ങി. ആ രംഗം ക
ണ്ടപ്പോൾ മനസ്സ് മന്ത്രിച്ചു, "എന്റെയൊ
ക്കെയൊരു ഭാഗ്യം. "

അവൾ എന്തൊക്കെയോ ഉറക്കെപ്പ
റയുന്നുണ്ടായിരുന്നു. ഞാനും കാതു കൂ
ർപ്പിച്ച് ശ്രദ്ധിച്ചു. "അമ്മി വേണോ,
അമ്മി- - - - - " ഓഫീസിനടുത്തെത്തി
യപ്പോൾ എല്ലാവരോടുമായി അവൾ
ഉറക്കെ ചോദിച്ചു. പക്ഷെ ആരും ഒന്നും
പറഞ്ഞില്ല.

കുറെ ദിവസങ്ങൾക്ക് ശേഷം ഞാൻ
നഗരത്തിലെത്തി. സൗന്ദര്യം വർദ്ധിച്ച
നഗരം. സന്ധ്യക്ക് ശേഷം പ്രകാശം പ
ത്താൻ തയ്യാറായി, കഴുത്തും നീട്ടി, നി
ൽക്കുന്ന സോഡിയം വേപ്പർ ലാമ്പുകൾ
ചിരിച്ചുനിൽക്കുന്ന റോസാപ്പൂക്കൾ
നൃത്തം വെക്കുന്ന ജലധാരകൾ, എല്ലാം
പുതുമ തുളുമ്പുന്നവയായിരുന്നു.

ഒരു യാത്രക്കായി കിളിയുടെ 'ഇ
ന്റർവ്യൂ 'വിനായി ക്യൂ നിന്നു. ഉള്ളിൽ
സംഗീതമില്ലാത്ത മധുരമായ ഒരു ഗാനം
അലതല്ലുന്നു. ദൈവമേ, ഈ 'അടിപൊ
ളി'യുടെ കാലത്ത് ആരാണ് 'അടിച്ചു
പൊളി' മ്യൂസിക്കില്ലാത്ത പാട്ടും കേട്ടിരി
ക്കുന്നത്. ബസ്സിനുള്ളിലെത്തിയപ്പോ
ഴാണ് മനസ്സിലായത്, ഗിയർബോക്സിന
ടുത്ത് നിൽക്കുന്ന രണ്ട് കുട്ടികൾ. അവ
രുടെ മുഖത്ത് വിഷാദം തളം കെട്ടി ന

ൽക്കുന്നു. മുട്ടോളം തൂങ്ങിക്കിടക്കുന്ന ഷർട്ട്, വസ്ത്രങ്ങൾ പൊടിപിടിച്ച് മലീമസമായിരിക്കുന്നു. കണ്ണുകൾ മാത്രം രക്ഷപ്പെട്ട് നിൽക്കുന്നു. ലൂസായ ട്രൗസർ ഇടക്കിടക്ക് മേൽപോട്ട് ഉയർത്തുന്നു. ഒരു കുട്ടി സാവധാനം മുന്നോട്ട് ചലിക്കുന്നു. ഓരോ സീറ്റിനടുത്ത് ചെന്നും പാടുന്നു. അതോടൊപ്പം യാത്രക്കാരുടെ മുന്നിലേക്ക് തന്റെ ഇളം കൈകൾ നീട്ടാനും അവൻ മടിക്കുന്നില്ല. അടുത്തത് എന്റെ ഊഴം. ദീനമായ ആ മുഖത്തേയ്ക്ക് ഞാൻ നോക്കി. എന്റെ പോക്കറ്റിലേക്ക് തുറിച്ചു നോക്കുന്ന കണ്ണുകൾ. പക്ഷെ, സുന്ദരമായ മുഖം. അപ്പോഴേക്കും തിരക്കുകൂടിയ ഒരു ട്രെയിൻ യാത്രയും, അസഹനീയമായ ശബ്ദവും, എന്റെ മനസ്സിൽ ഒരു ഫ്ളാഷ്ബാക്ക് സമ്മാനിച്ചു.



പാട്ടു തീർന്നാൽ അടുത്ത ബസ്സിലേക്ക്, ശേഷം അതിനടുത്തത്- - - - - അങ്ങനെ ഒരു ദിവസം എത്രയെത്ര ബസ്സുകൾ കയറിയിറങ്ങുന്നു ?

പടിഞ്ഞാറെ ചക്രവാളത്തിൽ മുങ്ങാൻ സൂര്യൻ തയ്യാറെടുക്കുന്നതിന് മുമ്പെ, കൃത്യനിർവ്വഹണത്തിനു ശേഷം ഞാൻ നഗരത്തിൽ തിരിച്ചെത്തിയിരുന്നു.

ദൂരെ ഇളം ശബ്ദത്തിലുള്ള ഗാനാലാപനം ചെവിയിൽ തുളച്ചുകയറുന്നതിനിടയിൽ, ഡോറിനടുത്ത് ഒരു തടിച്ച രൂപം പ്രത്യക്ഷപ്പെടുന്നു. ടൈ കെട്ടി, പളപള മിന്നുന്ന യൂണിഫോമിട്ട്, വലിയ ഒരു പുസ്തകസഞ്ചി തോളിൽ തൂക്കിയിട്ട്, 'കിളി'യുടെ കനിവും കാത്തുനിൽക്കുന്ന ഒരു കുട്ടി. പശ്ചാത്തലത്തിൽ മധുരമായ ഗാനം.

ബസ് പുറപ്പെട്ടു. 'ലിമിറ്റഡ് സ്പീഡിൽ' പറന്ന് അൽപ്പം ദൂരം പിന്നിട്ടപ്പോഴേക്കും വഴിയിൽ മാർഗതടസ്സം. റോഡ് ബ്ലോക്കായിരിക്കുന്നു. വാഹനങ്ങൾ റോഡിൽ ചേതനയറ്റ് വരിക്ക് കിടക്കുന്നു.

അകലങ്ങളിൽ നിന്ന് ഒരു ജാഥയുടെ പ്രകമ്പനങ്ങൾ മുന്നോട്ടടുത്ത് വരുന്നു. മുന്നിൽ താലപ്പൊലി പിടിച്ച പെൺകൊടികൾ. പിന്നെ അദ്ധ്യാപകർ, പിന്നെ സ്കൂൾ വിദ്യാർത്ഥികളുടെ നീണ്ട നിര. അതിനിടയിലാണ് ചെണ്ടമുട്ട്, ചാടിമുട്ട്, കോൽക്കളി, ഒപ്പന തുടങ്ങിയ പാരമ്പര്യ കലകൾ. ആകർഷകമായ കലാജാഥ വീക്ഷിക്കാൻ റോഡിനിരുവശത്തും ജനങ്ങൾ തടിച്ചുകൂടിക്കൊണ്ടിരിക്കുന്നു. ജാഥ മെല്ലെ മുന്നോട്ട് നീങ്ങുമ്പോൾ ഓടകളിൽ നിന്നും, പൈപ്പുകളിൽ നിന്നും ചില തലകൾ പൊങ്ങി. ചില മനുഷ്യക്കോലങ്ങൾ പുറത്തുവരുന്നു. ഏതാണീ കോലങ്ങൾ ? മരച്ചുവട്ടിൽ ഭാണ്ഡത്തിനു കാവലിരിക്കുന്നവർ, അമ്മയോടൊപ്പം അമിതഭാരമുള്ള അമ്മി വലിക്കുന്നവർ, കവലകളിലെ 'ഫുൾടൈം' ഗായകർ, ഹോട്ടലുകൾക്ക് പിറകിൽ വിശപ്പുമായി കഴിയുന്നവർ.

എന്റെ മനസ്സുമാറി. മാർഗ്ഗതടസ്സം മൂലം എനിക്ക് വീട്ടിലെത്താൻ വൈകുമോ ? ഞാൻ വാച്ചിലേക്ക് നോക്കി. സമയം 6.30. ഡയലിനുള്ളിലെ അക്ഷരങ്ങൾ വിയർത്തു തളർന്നു നിൽക്കുന്നു -നവമ്പർ-14. ❐

# RAJEEV'S AFFAIR WITH HISTORY

OMAR THASNEEM. O.


Rajeev had no girl friends- a matter of wonder in Pune varsity.

The university campus is in fact a hot picnic spot. It is full of intriguing roads where any stranger may wander for hours to find his hostel, class or anything.

The scene is idyllic, but bears a stamp of human aggression on a rare masterpiece of nature. All though you see the dark green, sprawling dense trees whose name was unknown to my friend doing research in botany.

It was drizzling. Rajeev was doing his research in this dark, brilliant wild land of knowledge and tradition. It was sheer accident that I came across this man. He was sitting in my zoology friend's room. He seems to be laconic and words fell from his mouth with great strain. When they came out it was in broken pieces and you had to brain-strain to drain the sense out of it.

'A nut', remarked my friend. 'He belongs to the intelligentsia here'. The word intelligent has a connotation far beyond and beneath



anybody's ken in the university. implied the stamina to carry in th tiny weight of one's head, idea and equations that could solve a the problems.

Now Rajeev was of this intel gent group. For the last seve years or so he has attained th stature of a fixture in departme of history. His eyes and mind alor with his pale body daily travelle hours and hours to years foregon where he basked in a hauntin loneliness. In fact he had bee transmuted into a spirit with a c gar-like torch in his lips that wa dered through the dark corrido of history.

He somnambulated along th grand roaring luxury of the mogu scented by jasmine flavour an from there towards the holy lar of Rama and to the heaven of Bu dha. He saw ghosts of freedo struggle coming to him and whi pering "Ours was life wasted, Ou was sacrifice vain."

Once or twice he began e plaining to me the conundrums his philosophy . It appeared to hi

as a streak of light emanating from a source far off, or from one quite nearby. He claimed it was Rama, the self same spirit of Sita;that of Jesus; Muhammad or Gandhi.


Sure I could not digest his philosophy. By now having got acquainted with Rajeev and his idiosyncrasies I had also dismissed him as a nut.

Only one thing that Rajeev said remained. He had given me a great description of our university's sprawling magnificient main building. It was the palace of many old governors of the British Raj. During summers they sneaked off the hubbub of Bombay to spend the warm days here. There was a huge fearsome cavern in the middle of the palace, which acted as an underground way to the kitchen.

I had walked times without number through the courtyard of this building with my botany friend who being the one among the few down to earth ones in the research section never cared to enlighten me of the imperial history surrounding in and around the building.

It was Rajeev who told me about it and down under the courtyard he had shown me a tomb five feet deep where one of the deceased young daughters of the governor lay. The tomb was under a marble sepulchre wholly covered by moss and forgetfulness. On it was written "Here the much loved Edina lies". Again on the plaque you could see all the vulgar images of the absurd generations in languages seen and heard in all parts of India.

Time limbered on and on and Pune Varsity scholars weathered it all spending their days without



bath and shave in sweat to fulfil their vows to muses. All this time only one was active-Cupid the blind shot and reshot his arrows.

At night, in the dark you could see scooters lying about all along the side woods.

It was during one of this dark and stiller than death nights that I had to walk from the gate to our hostel. I was particularly vigilant about not disturbing the love birds nested in the woods. Never flashing the torch sideways I headed home straight in strict military form.

But my torch escaped hands and flashed across to strike against a number-plate and get stuck. Oh! My Rajeev's Scooty! I looked around. Nothing but trees that towered up between me and the stars.

No Rajeev-'Thasneem', the familiar voice called.

'Raji you are here' 'Yah'.

He was sitting on the brigestone and underneath him flowed a gurgling stream. He had a cigar on his lips.

"What, Rajeev, at this time'.

'Edena has promised to come. Every month she comes to me once or twice. We sit here for hours before parting. She is the only trustworthy woman of this campus'.

I looked all around. It was deep and dark. But near the sepulchre I saw a flame flitting like an angel-'I know', It's Edena- She could not break the promise'- Rajeev said as I stood shocked.

# രണ്ടു വലിയ കഥകൾ

പി.കെ പാറക്കടവ്


## സ്വാതന്ത്ര്യത്തിന്റെ ചിറകടിയൊച്ച



വേടൻ പറഞ്ഞു തുടങ്ങി :
പഴയകാലവും, പണിയായുധവും
ഞാൻ മറന്നിരുന്നു.
കാട് ആരുടെയൊക്കെയോ മനസ്സിൽ
മാത്രമായവശേഷിച്ചപ്പോൾ
ഞാൻ നാട്ടിലേക്ക് മടങ്ങി.
പുതുതായി പണിത വീട്ടിലെ
പഠനമുറിയിലിരുന്ന് ഞാൻ കവിത
കുത്തിക്കുറിക്കുകയായിരുന്നു.
മേശപ്പുറത്തെ കുപ്പിയിൽ
എന്റെ കരൾച്ചോര തന്നെയായിരുന്നു.
കാട്ടിൽ നിന്ന് കൊണ്ടുവന്ന
തൂവലിന്റെ ഒരറ്റം കരൾച്ചോരയിൽ
മുക്കി ഞാൻ എഴുതുകയായിരുന്നു.
പൊടുന്നനവേ ഒരു കാലൊച്ച
കേട്ട് ഞാൻ തിരിഞ്ഞു നോക്കി.
എന്റെ മുന്നിൽ വലിയ
ജുബ്ബയുമായി ഒരാൾ. അയാൾ
പറഞ്ഞു. "വേടാ, നാളെ സ്വാതന്ത്ര്യ
ദിനം. എനിക്ക് നാളെ വേദിയിൽ
നിന്ന് ആകാശത്തേക്ക് പറത്താൻ
കുറേ കിളികളെ വേണം.
ഇതാ അമ്പും വില്ലും. മുറിവുണക്കാൻ
മരുന്നും."
ഞാനൊന്നും പറഞ്ഞില്ല. അയാൾ
നടന്നുനീങ്ങവേ ലക്ഷ്യസ്ഥാന
ത്തെത്തിയ അമ്പിന്റെ ആഹ്ളാദം.
അയാളുടെ ജുബ്ബ ചോരയിൽ
കുതിർന്നിരുന്നു. ഇപ്പോൾ ഞാനറി
യുന്നു. "പുതിയ ഒരു കവിയാവുന്നതി
നേക്കാൾ എത്രയോ ഭേദമാണ് ഒരു
പഴയ വേടനാവുകയെന്നത്."

## സമുദ്രം

"ഏറ്റവും വലിയ സമുദ്രമേതാണ്?"
അദ്ധ്യാപകൻ വിദ്യാർത്ഥിയോട്
ചോദിച്ചു. വിദ്യാർത്ഥി ഒരു
നിമിഷം അറച്ചു നിൽക്കുന്നത് കണ്ട്
അദ്ധ്യാപകൻ തന്നെ
ഉത്തരം പറഞ്ഞു: "ശാന്തസമുദ്രം".
മന്ത്രിക്കും പോലെ വിദ്യാർത്ഥി
പതുക്കെ പറഞ്ഞു
"അല്ല, അശാന്തമായ മനസ്സാണ്
ഏറ്റവും വലിയ സമുദ്രം."
അദ്ധ്യാപകൻ ഒരു നിമിഷം കണ്ണടച്ചു
തന്നിലമർന്നു. തന്റെ ഉള്ളിന്റെ ഉള്ളിൽ
നിന്ന് തിരമാല ആഞ്ഞടിച്ചു
തല തല്ലിച്ചാവുന്നു.
മനസ്സിനുള്ളിൽ നുരയും പതയും
നിറയുന്നു. പിന്നെ താമസിച്ചില്ല;
കുട്ടിയെ ക്ളാസിൽ നിന്ന്
പുറത്താക്കുന്നതിന് പകരം
അദ്ധ്യാപകൻ സ്വയം ക്ളാസിൽ
നിന്ന് പുറത്ത് പോയി നിന്നു.



**കഥ**

# സുരേഖയും മിത്തുകളും

**മുഹമ്മദ് ഇസ്മയിൽ. എ. പി**

സുരേഖ,നിനക്കെന്റെആത്മശാന്തി.ജീവിതത്തിന്റെ ഒരു നിമിത്തമായി ഇന്നും ജീവിക്കുന്നു. എന്നിൽ മാത്രമല്ല, പ്രപഞ്ചത്തിന്റെ കുതിപ്പിലും, കിതപ്പിലും നീ പലതായി പ്രത്യക്ഷപ്പെടുന്നു. നിന്നെ പഴിക്കുന്നവരും, പുണരുന്നവരുമുണ്ട്. അവ വെറും സങ്കൽപ്പമായി തന്നെ അവശേഷിക്കട്ടെ. എന്റെ ഹൃദയത്തിലെ സായന്തനങ്ങളിൽ ആദ്യമാദ്യം വിടവ് സൃഷ്ടിച്ചുകൊണ്ടായിരുന്നില്ലേ നീ കടന്നുവന്നത്. നമുക്കിടയിൽ മറ്റൊരാളുംകൂടെ ഉണ്ടായിരുന്നല്ലേ. പുഴയായി അത് പരിണമിക്കുകയായിരുന്നുവെന്ന് എന്നോട് പറഞ്ഞത് പ്രകൃതിതന്നെയാണ്. ആ പുഴയുടെ രണ്ടുതീരങ്ങളിൽ രണ്ടു രക്തപിണ്ഡങ്ങൾ ഉറഞ്ഞുകൂടുന്നത് പുഴ വളരെ സന്തോഷത്തോടെയാണ് കണ്ടുനിന്നത്. പുഴക്കപ്പോൾ ഒരു കടിഞ്ഞൂൽ പ്രസവത്തിന്റെ നൊമ്പരവും പ്രതീക്ഷയുമുണ്ടായിരുന്നു. വെറുമൊരു കളിമൺ പ്രതിമയുടെ ബലഹീനതയിൽ ആ രക്തപിണ്ഡങ്ങളെ മാംസവും, മജ്ജയും പൊതിയുകയായിരുന്നു. മറുകരയിൽ സൃഷ്ടിച്ച ആ മാംസ പിണ്ഡത്തിന് ദിവ്യ പരിലാളനകൾ എമ്പാടുമുണ്ടായിരുന്നു. പുഴ പതുക്കെ യാത്ര തുടരുക തന്നെയാണ്. അത് കാലങ്ങളിലൂടെ മനുഷ്യമസ്തിഷ്ക്കത്തിൽ പുതിയ വേനലും,പേമാരിയും തീർത്ത് ആരെയും കാത്തുനിൽക്കാതെ വഴിപോക്കനെപ്പോലെ നടന്നകലുന്നുവെങ്കിലും എനിക്കവൾ എന്നും അനുഗ്രഹമായിരുന്നു. അതെനിക്കുവേണ്ടി എല്ലാം ചെയ്തു തന്നു. ഒരു നിയോഗം പോലെ.

മറു തീരത്തു കണ്ട മാംസപിണ്ഡങ്ങൾ പിന്നെ ഒരു സ്ത്രീരൂപമായി മാറിക്കൊണ്ടിരിക്കുകയാണ്. ക്ഷമിക്കണം, ഞാൻ പലപ്പോഴും വശ്യമായ സ്ത്രീരൂപത്തെ പുഴതന്നെയാണെന്ന് തെറ്റിദ്ധരിക്കാറുണ്ട്.

എന്റെ ഇടവേളകൾക്ക് ദൈർഘ്യം ഏറിക്കൊണ്ടിരുന്നു. അനന്തതയിലേക്കൊഴുകുന്ന പുഴയും ക്ഷണികമായി രൂപപ്പെട്ട ആ പെൺതന്മാത്രകളും എന്റെ മനസ്സിൽ വലിയ സംഘർഷങ്ങൾ സൃഷ്ടിക്കാറുണ്ട്. അവ എന്റെ സുഖമായ ഉറക്കിന് വിഘ്നം വരുത്താറുമുണ്ട്. കൂടെകൂടെ അവളെന്റേതു തന്നെയാണെന്ന് തോന്നി. എന്റെ കുട്ടിക്കാലവും, കൗമാരവും അങ്ങിനെയാണ് അവൾക്കായി കാഴ്ചവെച്ചത്. പുഴയെപ്പോലെ അവളും വളരുകയായിരുന്നു. പുഴയെന്നും ഇഷ്ടപ്പെട്ടത് ചരിത്രകാരനെയും, കവിയെയും, കാമുകനെയും ആണല്ലോ. ഇതെല്ലാം ഞാൻ തന്നെയാണെന്ന് പുഴയെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. അങ്ങിനെ പുഴയെന്നും എന്റെ വഴികാട്ടിയായി. അന്നുമുതൽ എന്റെ മനസ്സ് അനന്തതയിലേക്ക് മാത്രം അതിന്റെ മൂന്നാം കണ്ണിനെ തിരിച്ചു. അവിടുന്നങ്ങോട്ട് ഞാൻ, ഞാൻ മാത്രമായി. പിന്നെ എന്റെ സുരേഖയും.

നിഴലുകളെന്നും അർദ്ധസത്യങ്ങളാണ്. പുഴയിലേക്ക് തൂങ്ങിയ ഞാവൽ മരങ്ങൾ സൃഷ്ടിക്കുന്ന നിഴലുകൾ പലവക ഭേദങ്ങളും സൃഷ്ടിക്കാറുണ്ട്. അ[illegible] യെന്നിൽ ഭീതി ജനിപ്പിക്കാറുണ്ട്. അ[illegible] യെന്നെ പലതവണ താക്കീതുചെയ്[illegible] ട്ടുണ്ട്. പക്ഷേ സുരേഖയുടെ മു[illegible] ത്തുതട്ടി പ്രതിബിംബിക്കുന്ന പ്രക[illegible] ശകിരണങ്ങൾ പുഴയിൽ സൃഷ്[illegible] ക്കുന്ന നിഴലുകൾക്ക് ബഹുകോ[illegible] വർണ്ണങ്ങളാണെന്ന് തോന്നി. ഒന്നി[illegible] നിന്നും ഉരുത്തിരിയുന്ന അനവ[illegible] യെകുറിച്ച ചിന്ത ഒരുപാട് പ്രതി[illegible] ലനങ്ങൾ രൂപപ്പെടുത്താറുണ്ട്. അ[illegible] രശ്മികളിൽ ഞാനറിയാതെ ലയിച്ച[illegible] കൊണ്ട് ഞാനെന്റെ കുട്ടിക്കാലവും കൗമാരവും പങ്കുവെച്ചു.

മറുകരയിൽ മന്ദസ്മിതം തൂകി [illegible]ൽക്കുന്ന സുരേഖയുടെ നിഴൽ എനിക്ക[illegible] നൽകിയത് പുഴതന്നെയാണ്. അവളു[illegible] നിഴലിനെ പുഴ വലുതാക്കിക്കൊണ്[illegible] രിക്കും. അതു വലുതായി എന്റെ മുന്നി[illegible] നാണത്തോടെ വന്നു നിൽക്കും. അ[illegible] നീണ്ട നിഴലുകൾക്കിടക്ക് ഓളങ്ങൾ [illegible] രതല്ലാറുണ്ടായിരുന്നില്ല. മീനുകൾ [illegible] ത്താടാറില്ല. മനുഷ്യരാരും ശല്യം ചെയ്[illegible] റുമില്ല. പക്ഷേ, സുരേഖയുടെ മുഖ[illegible] എന്നും അപൂർണ്ണമായിരുന്നു. പുഴ തന്[illegible]



യാണ് എനിക്കുമവൾക്കുമിടയിൽ അകലം സൃഷ്ടിച്ചത്.

എന്തുകൊണ്ടാണെന്നറിയില്ല, പുഴ ആലസ്യത്തോടെയാണ് ഒഴുകിയത്. സുരേഖ അക്കരെ നിന്ന് മൊഴിയുന്ന സ്വരങ്ങൾക്ക് ഒരമ്മയുടെയും, ചേച്ചിയുടെയും വാൽസല്യത്തോടൊപ്പം, ഒരു കാമുകിയുടെ തീവ്രതയുമുണ്ടായിരുന്നു. വൈകുന്നേരങ്ങളിൽ പുഴയുടെ തീരം ചുവന്നു തുടുക്കുന്നത് എന്തിനാണെന്ന് എനിക്കാദ്യമാദ്യം പിടികിട്ടിയിരുന്നില്ല. പ്രദോഷത്തിലവ സൃഷ്ടിക്കുന്ന പുതിയ ലോകത്തിൽ വിലയം പ്രാപിക്കുവാൻ പുഴ ഒരുപാട് നാളുകൾ പിന്നെയും കാത്തിരിക്കേണ്ടിവന്നു. പക്ഷെ, എല്ലാം നൈമിഷിക ഭാവങ്ങളായിരുന്നുവല്ലോ.

ഞങ്ങളുടെ ചരിത്രം മാറിക്കൊണ്ടിരിക്കുകയാണ്. ഋതുക്കൾ ഓരോന്നും ആരോരുമറിയാതെ ഞങ്ങൾക്കുവേണ്ടി മാത്രം പുഴയോരത്ത് വിരിഞ്ഞുണങ്ങിപോയി. ആയിടക്കാണ് പുഴയെന്നോടാ കഥ പറയാൻ തുടങ്ങിയത്. കഥ പറയുന്നതിനിടക്ക് സുരേഖയുടെ മുഖം വിവർണ്ണമാകുന്നത് ഞാൻ തിരിച്ചറിഞ്ഞു കൊണ്ടിരുന്നു. പുഴ കഥ തുടരുകയാണ്. ഒരു തെരുവിന്റെ പ്രിയപ്പെട്ട പുത്രിയുടെ ശവശരീരം വലിച്ചിഴച്ച് പട്ടികൾ പട്ടണത്തിലൂടെ ഓടി പോകുന്നു. അവളുടെ പറ്റുകാരായിരുന്നവർ കടത്തിണ്ണയിലേക്ക് ഉൾവലിഞ്ഞു കൊണ്ടിരുന്നു. അവളെ സ്നേഹിച്ചിരുന്ന ഒരുവന് അവൾക്ക് അർപ്പിക്കാനുണ്ടായിരുന്ന അന്ത്യോപചാരങ്ങൾ ഒരു പിടി ശകാരങ്ങൾ മാത്രമായിരുന്നു. പട്ടികളെപ്പോഴും ആ ശരീരം പങ്കുവെക്കാൻ കടി പിടി കൂടിക്കൊകൊണ്ടിരുന്നു. അവ പിന്നെ വിജനതയിലേക്കോടി മറഞ്ഞു. ഞാനൊരു ദീർഘനിശ്വാസത്തോടെ തിരിഞ്ഞു നോക്കിയപ്പോൾ സുരേഖ നടന്നു നീങ്ങിയിരുന്നു. പുഴയോട് അരിശം തോന്നി ; ഒന്നും മിണ്ടാതെ എണീറ്റു നടന്നു.

അന്നുമുതൽ പുഴയോടെനിക്ക് വെറുപ്പ് തോന്നി തുടങ്ങി. പുഴയെനിക്കർപ്പിച്ച സൽക്കർമ്മങ്ങളെ ഞാനോർക്കാറില്ല. പക്ഷെ, ആ പെൺകുട്ടിയെ വീണ്ടും കാണണമെന്നുണ്ടായിരുന്നു. പുഴയതെല്ലാം കണ്ട് അർത്ഥഗർഭമായി ചിരിക്കുക മാത്രം ചെയ്തു. അല്ലെങ്കിലും അതിനോട് ഞാൻ ചെയ്തത് നീതീകരണമർഹിക്കുന്നതല്ലല്ലോ.

പുഴയെത്ര ദിനങ്ങളാണ് എനിക്കു വേണ്ടി കാത്തുനിന്നത്. നിതാന്തമായ ഗതിയെ എന്റെ മുന്നിലർപ്പിച്ച് എന്നോട് സല്ലപിക്കാറുണ്ടായിരുന്നില്ലേ. വറുതിയിലും, പട്ടിണിയുമായി ഒരു നേരത്തെ കുടിനീരു പോലും കിട്ടാതെ മനുഷ്യപ്രേതങ്ങൾ പുഴയുടെ ഒഴുക്കിന് വേണ്ടി യാചിച്ചെങ്കിലും അവൾ ചെവിക്കൊണ്ടില്ലല്ലോ. അവൾ എന്നോട് മാത്രം കടപ്പെട്ടവളായിരുന്ന എത്രയെത്ര ദിനങ്ങൾ?. അന്ന് പുഴയെനിക്കു വേണ്ടി കരകവിഞ്ഞൊഴുകിയിട്ടുണ്ട്. അന്ന് ജനകോടികൾ വീടുകൾ ഉപേക്ഷിച്ച് പലായനം ചെയ്തപ്പോഴും അവളെന്നോട് സ്വകാര്യം പറയുകയായിരുന്നു. പക്ഷേ, ഞാനിപ്പോൾ പൂർണ്ണമല്ലാത്ത ആ പെൺരൂപത്തിന് വേണ്ടി പുഴയെ വെറുക്കുന്നു. അത് മനസ്സിൽ സൃഷ്ടിച്ച ആന്തോളനങ്ങൾ ഒരു വഴി വിട്ട ചിന്തയുടെ പരിസമാപ്തിയിലായിരുന്നു.

കുറച്ചുനാളായി പുഴയോരത്ത് പോയിട്ടേയില്ല. ആ പെൺകുട്ടിയെയും, പുഴയെയും മാത്രം സ്വപ്നം കണ്ട് വീട്ടിലിരുന്നു. ഒടുവിൽ എല്ലാം സഹിച്ച് വീണ്ടും യാത്ര തിരിച്ചു. പുഴയെന്നോട് ചിരിക്കാൻ ശ്രമിച്ചു. പക്ഷേ തിരിച്ചു ചിരിച്ചില്ല. ചിരിക്കാൻ തോന്നിയതുമില്ല. സുരേഖ വരാറില്ലേ ? പുഴയോട് ചോദിക്കണമെന്നുണ്ട്. മനസ്സ് സമ്മതിക്കുന്നില്ല. ഞാൻ തന്നെ തോറ്റു കൊടുത്തു. സുരേഖ വരാറില്ലേ ? ഞാൻ ചോദിച്ചു. പുഴ മിണ്ടിയില്ല. വീണ്ടും വീണ്ടും ചോദിച്ചു. ഉത്തരമില്ല. അവളെക്കുറിച്ച് പലതും വഴി മാറി ചിന്തിച്ചു.

ദിനങ്ങളോരോന്നും പുഴയെനിക്ക് സമ്മാനിച്ചത് ഒരു പിടി പരിഭവങ്ങളായിരുന്നു. പുഴയൊട്ടും സഹതാപം കാണിച്ചില്ല. വെറുതെയിരുന്ന് സുരേഖയുടെ അവ്യക്ത രൂപത്തെ മണൽത്തിട്ടയിൽ കോറിയിടാൻ തുടങ്ങി. മണൽത്തരികൾ എനിക്ക് വഴങ്ങിയില്ലെങ്കിലും ഞാൻ എന്തൊക്കെയോ ചെയ്തു വെച്ചു. മണൽത്തിട്ട മുഴുവൻ സുരേഖയുടെ ഒരായിരം ചിത്രങ്ങൾ നിറഞ്ഞു കൊണ്ടിരുന്നു. ദിനങ്ങളോരോന്നു കഴിയുന്തോറും പുഴ ആ ചിത്രങ്ങൾ മായ്ക്കാൻ തുടങ്ങി. പിന്നെ പിന്നെ എന്റെ ചിത്രങ്ങൾക്ക് രൂപപരിണാമം പ്രാപിക്കാൻ തുടങ്ങി. അവ പലപ്പോഴും എഴുന്നുനിൽക്കുന്ന ആൺരൂപമായിപ്പോലും പ്രത്യക്ഷപ്പെട്ടു. അവ എന്നെ തന്നെ വേട്ടയാടാൻ തുടങ്ങി.

പുഴ പലതവണ വിലക്കി നോക്കി. പക്ഷേഞാനെന്റെ ജോലി തുടർന്നുകൊണ്ടേയിരുന്നു.

പുഴ ഒടുവിൽ എന്നോട് തോറ്റു. പക്ഷേ അത് രൗദ്രയായി എന്തോ ചെയ്യുകയായിരുന്നു. അതിപ്പോൾ ഒഴുക്കു നിർത്തിയിരിക്കുന്നു. സ്വയം അകം വലിഞ്ഞ് മുറുകാൻ തുടങ്ങി. പിന്നെയത് വളരുകയായിരുന്നു. സുരേഖയുടെ ദേഹത്തിലൂടെ അത് ഇക്കരയിലേക്ക് നീളാൻ തുടങ്ങി. അതിനിടക്ക് സുരേഖയുടെ പുഞ്ചിരിക്കുന്ന വദനങ്ങൾ കാണാമായിരുന്നു.

പുഴയിപ്പോൾ എന്നിലേക്ക് ഊർന്നിറങ്ങാൻ ശ്രമിക്കുകയാണ്. സുരേഖയാവട്ടെ മരത്തിൽ പറ്റി പടരുന്ന വള്ളി പടർപ്പുപോലെ എന്നെ എത്തിപ്പിടിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അതെന്നിൽ ഒരു ഭീകരത സൃഷ്ടിച്ചു. സുരേഖ അടുക്കാൻ ശ്രമിക്കുന്നു. സങ്കൽപ്പത്തിനും യാഥാർത്ഥ്യത്തിനുമിടക്കുള്ള വഴി ദൂരത്തിൽ ഞാനും, സമയവും, കാലവും നട്ടം തിരിയുകയാണ്. സുരേഖയുടെ സ്വരങ്ങളും, രൂപങ്ങളും വേട്ടയാടാൻ ഒരുങ്ങവേ ഞാനും, സമയവും, കാലവും ഓടുകയായിരുന്നു. പുഴയും, സുരേഖയും ഞങ്ങൾക്ക് പിന്നിലുണ്ട്. കാലങ്ങളെല്ലാം നിലവിളിക്കുകയായിരുന്നു. ഇപ്പോളവിടെ പുഴയില്ല, വെറും വേനൽ മാത്രം. ആർദ്രതയും, സ്നേഹവും വറ്റി വരണ്ടിരിക്കുന്നു. ആകാശത്തിൽ വെറും ശവംതീനീ കഴുകന്മാർ മാത്രം. ഭൂമിയിൽ പാലായനം ചെയ്യുന്ന മനുഷ്യക്കൂട്ടങ്ങളും. ഇതിന് രണ്ടിനുമിടക്ക് ഞാനും, കാലവും, സമയവും വെറുങ്ങലിച്ച് നിൽക്കുകയായിരുന്നു. വഴിയിലെവിടെയോ സുരേഖ നഷ്ടപ്പെട്ടു. അൽപ്പ സമയത്തിനു ശേഷം പിന്നിൽ നിന്നൊരു മനുഷ്യാരവം കേട്ടു. രണ്ടു ശവമഞ്ചം പേറി മനുഷ്യ പ്രപഞ്ചം നടന്നകലുകയാണ്. ഞാൻ അതിലേയ്ക്കൊന്നു നോക്കി. അതിലൊന്നെന്റെ സുരേഖയുടെ മുഖമായിരുന്നു. മറ്റേതിൽ മരണപ്പെട്ട ഒരു പച്ചയായ ഹൃദയവും.

# സൂര്യകാന്തിപ്പൂക്കൾ

**ഷബീബ്. പി. കെ**

മുറ്റത്ത് വിടർന്ന് നിൽക്കുന്ന സൂര്യകാന്തിപ്പൂക്കളും നോക്കി അലസമായി അവനിരുന്നു. ഗേറ്റ് തുറന്നു. മുറ്റത്തെ നനുത്ത മണ്ണിനെ അമർത്തിക്കൊണ്ട് കാർ വന്ന് പോർച്ചിൽ പാർക്കു ചെയ്തു. ഡാഡിയാണ്. കാലുകൾ നിലത്തുറക്കുന്നില്ല. "ആർ യു റെഡി ഫോർ ടുമാറോസ് കോംപിറ്റീഷൻ"? കടന്ന് വന്ന പാടെ ചോദിച്ചു. "യെസ് ഡാഡി". മുഖത്ത് നോക്കാതെ തന്നെ പറഞ്ഞു. സത്യത്തിൽ ഡാഡിയുടെ ചോദ്യമാണ് ആ കാര്യം ഓർമ്മിപ്പിച്ചത്. റോട്ടറി ക്ലബിന്റെ ലളിത ഗാനമത്സരം. ഒരു പാട് ദിവസമായി പരിശീലിക്കുന്നു. പാട്ട് ടീച്ചറുടെ നുള്ളൽ കിട്ടി മതിയായി. പാട്ട് പഠിപ്പിക്കാൻ മമ്മി തന്നെ മതിയെന്ന് ഒരുപാട് പറഞ്ഞ് നോക്കിയതാണ്. റോട്ടറി ക്ലബിന്റെ ആനിവേഴ്സറിക്ക് മമ്മി എത്ര നന്നായി പാടി. പക്ഷേ മമ്മിയെ വീട്ടിൽ കണ്ടിട്ടു വേണ്ടേ. ക്ലബിന്റെ മീറ്റിംഗ്, ഫ്ളവർഷോ, ഡോഗ്ഷോ, പാചക മത്സരം, ചർച്ചകൾ, സെമിനാറുകൾ.....അങ്ങിനെ എന്തെല്ലാം പരിപാടികൾ. അതിനിടയിൽ തന്നെ പാട്ടു പഠിപ്പിക്കാൻ സമയമെവിടെ.? പക്ഷെ, ഡാഡിക്കും, മമ്മിക്കും ഫസ്റ്റ് പ്രൈസ് തനിക്കുതന്നെ കിട്ടണം. മമ്മിക്ക് ക്ലബ്ബിൽ പൊങ്ങച്ചം പറയാം. ഡാഡിക്കും ഫ്രന്റ്സിനു മുമ്പിൽ കേമനാകാം.ഗേറ്റു കടന്നു വരുന്ന പാട്ടു ടീച്ചർ അവനെ ചിന്തകളിൽ നിന്നുണർത്തി. അവൻ വേഗം എഴുന്നേറ്റ് അകത്തേക്ക് നടന്നു.

രാത്രി ഉറക്കം വന്നില്ല. ഓരോന്നോർത്തു കിടന്നു. ഫസ്റ്റ് പ്രൈസ് അജയനായിരിക്കും. അവന്റെ മനസ്സു പറഞ്ഞു. എന്തു മാധുര്യമാണവന്റെ സ്വരത്തിന്. അവനെ പാട്ടുപഠിപ്പിക്കുന്നതവന്റെ അമ്മയായിരിക്കും. അച്ഛൻ മരിച്ച ശേഷം വളരെ കഷ്ടപ്പെട്ടാണവർ അവനെ പഠിപ്പിക്കുന്നത്. ഇന്നാളൊരു ദിവസം സ്ക്കൂളിൽ അവന്റെ കൂടെ വന്നിരുന്നു. മുണ്ടും നേര്യേതുമുടുത്ത ഐശ്വര്യമുള്ള സ്ത്രീ. കഴിയാവുന്ന ജോലികളൊക്കെ ചെയ്ത് അവൻ അമ്മയെ സഹായിക്കും. ഡാഡിയുടെയും, മമ്മിയുടെയും കൂടെ ടൗണിൽ പോയപ്പോൾ അജയനെ കണ്ടിരുന്നു. ബസ്റ്റോപ്പിൽ കടല വിൽക്കുകയായിരുന്നു അവൻ. അന്നവന്റെ കയ്യിൽ നിന്നും കടല വാങ്ങിത്തരാൻ ഡാഡിയോട് എത്ര പറഞ്ഞതാ-സമ്മതിച്ചില്ല. അതുമുഴുവൻ അഴുക്കാണത്രെ. പകരം കാഡ്ബറീസും, ചോക്കലേറ്റും എല്ലാം വാങ്ങിത്തന്നു. പക്ഷെ, അതിനൊന്നും ചുടുകടലയുടെ രസം കിട്ടില്ലല്ലോ. "ജോൺ ഒന്നിങ്ങു വരൂ." മമ്മിയാണ്. ഇന്നു മൽസരത്തിനു പോവാനുള്ളതു കൊണ്ട് മമ്മി ക്ലബ്ബിൽ പോവുന്നുണ്ടാവില്ല. നിവർത്തിപ്പിടിച്ച പത്രവുമായി മമ്മി അകത്തേക്ക് വന്നു. "ഇന്നത്തെ മത്സരം മാറ്റി വെച്ചു. ആ ചന്തപ്പുരക്കലെ സാവിത്രീടെ മകൻ ബസ്സ് തട്ടി മരിച്ചു. കടല വിൽക്കായിരുന്നത്രെ. അല്ലെങ്കിൽ ഇത്ര ചെറിയ കുട്ടികളെ



ആരെങ്കിലും കച്ചവടത്തിന് പറഞ്ഞയക്കോ. " പിന്നെ മമ്മി പറഞ്ഞതൊന്നും അവൻ കേൾക്കുന്നുണ്ടായിരുന്നില്ല. അജയൻ മൂളാറുണ്ടായിരുന്ന പാട്ട് മനസ്സിൽ നിറയുന്നു. മുറ്റത്ത് വിടർന്നു നിന്നിരുന്ന സൂര്യകാന്തിപ്പൂക്കൾ വാടിക്കിടപ്പായിരുന്നു.